**പന്ത്രണ്ടാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 6, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## തിരുത്തിയ ഉത്തരം

23-03-2010-ലെ നക്ഷത്ര ചിഹ്നമിടാത്ത 3768-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

12-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ 23-03-2010-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 3768-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.

## ശ്രദ്ധക്ഷണിക്കൽ

(1) വിദ്യാർത്ഥികൾക്ക് നൽകുന്ന ഗ്രേസ് മാർക്ക്

ശ്രീ. പി. സി. ജോർജ്: സ്പോർട്ട്സ് താരങ്ങളായ വിദ്യാർത്ഥികൾക്ക് കൊടുത്തുകൊണ്ടിരുന്ന ഗ്രേസ് മാർക്ക് 10 ശതമാനത്തിൽ നിന്ന് 5 ശതമാന മായി കുറയ്ക്കാൻ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഏകപക്ഷീ

യമായി തീരുമാനിക്കുകയുണ്ടായി. കേരള യൂണിവേഴ്സിറ്റിയിലെ മറ്റ് ഡിഗ്രി കോഴ്സുകൾക്ക് വർഷത്തിൽ ഒരു പരീക്ഷ മാത്രമേ നടക്കുന്നുള്ളൂ. എന്നാൽ പി.ജി. കോഴ്സുകൾക്കും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കുമുള്ള പരീക്ഷ രണ്ട് സെമസ്റ്ററുകളിലായിട്ടാണ് നടക്കുന്നത്. അതുകൊണ്ട് അതാതു വർഷത്തെ ഗ്രേസ് മാർക്കിന് പ്രസ്തുത വിദ്യാർത്ഥികൾ അർഹരാണ്. അതാതു വർഷം 10 ശതമാനം ഗ്രേസ് മാർക്ക് കൊടുക്കാനുള്ള ഓർഡർ റദ്ദാക്കിയതിലൂടെ കായിക താരങ്ങളായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. കേരളത്തിലെ മറ്റ് യൂണിവേഴ്സിറ്റികൾ നൽകിക്കൊണ്ടിരിക്കുന്ന ഗ്രേസ് മാർക്ക് കേരള യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കും 2006-07 അദ്ധ്യയനവർഷം മുതൽ നൽകാനുള്ള നടപടി സ്വീകരിക്കണം. അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ സ്പോർട്ട്സ് ഹോസ്റ്റലിൽ താമസിക്കുന്ന കേരള യൂണിവേഴ്സിറ്റിയിലെ കായിക താരങ്ങളെ ഇന്റർനാഷണൽ സ്പോർട്ട്സ് ഹോസ്റ്റലിലേയ്ക്ക് മാറ്റി താമസിപ്പിക്കാനുള്ള രജിസ്ട്രാറുടെ ഉത്തരവ് നടപ്പാക്കുകയും പ്രസ്തുത ഹോസ്റ്റൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി അനുവദിക്കുന്നത് നിറുത്തലാക്കുകയും വേണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സെമസ്റ്റർ കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് ബന്ധപ്പെട്ട സെൻട്രൽ കൗൺസിലുകളുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ്. ഒരുവർഷത്തെ രണ്ട് സെമസ്റ്ററുകൾക്കും നേടിയ പരമാവധി മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കാമെന്ന തീരുമാനം സെൻട്രൽ കൗൺസിലിന്റെ നിബന്ധനകൾക്കനുസൃതമല്ലെന്നും ഉയർന്ന

തോതിൽ ഗ്രേസ് മാർക്ക് നൽകുന്നത് പ്രൊഫഷണൽ കോഴ്സുകളുടെ നിലവാരം തകർക്കുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൽക്കാലം അത് നടപ്പാക്കേണ്ടതില്ലെന്ന് സിൻഡിക്കേറ്റ് നിലവിലില്ലാത്ത സാഹചര്യത്തിലാണ് വൈസ് ചാൻസലർ തീരുമാനിച്ചത്. യൂണിവേഴ്സിറ്റി തലത്തിൽ മികവ് പുലർത്തുന്നവർക്ക് പത്ത് ശതമാനവും അഖിലേൻഡ്യാ ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും ദേശീയ തലത്തിലും 18 ശതമാനവും അന്തർ ദേശീയ തലത്തിൽ പരമാവധി 25 ശതമാനവും കേരള യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച് കേരളത്തിലെ സർവ്വകലാശാലകൾ തമ്മിൽ എന്തെങ്കിലും അന്തരം നിലനിൽക്കുന്നുണ്ടെങ്കിൽ പരിശോധിച്ച് ഏകീകൃത മാനദണ്ഡം സ്വീകരിക്കുന്നതാണ്. ഈ വിഷയം ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി ചർച്ച ചെയ്ത് വിദ്യാർത്ഥികൾക്ക് പരമാവധി ഗ്രേസ് മാർക്ക് നൽകുന്ന വിധത്തിൽ ക്രമീകരിക്കുന്നതാണ്. ഇന്റർനാഷണൽ സ്പോർട്ട്സ് ഹോസ്റ്റലുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

(2) <u>കർഷകത്തൊഴിലാളി ക്ഷേമനിധി നിയമം</u>

<u>ശ്രീ. ബി. രാഘവൻ</u> : നിലവിലുള്ള കർഷകത്തൊഴിലാളി ക്ഷേമനിധി നിയമം കാലോചിതമായി പരിഷ്ക്കരിച്ച് ആനുകൂല്യം ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള കർഷകത്തൊഴിലാളി ക്ഷേമിനിധിയുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ഈ ഗവൺമെന്റ് ക്ഷേമനിധി ബോർഡിന് 115 കോടി രൂപ അനുവദിക്കുകയും കുടിശ്ശിക ഉണ്ടായിരുന്ന ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുകയും ചെയ്തു.

ഇനിയും അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാനായുണ്ട്. തൊഴിലാളികളുടെ അംശദായം 10 രൂപയായും ഉടമാവിഹിതം ഏക്കറിന് 10 രൂപയായും നിജപ്പെടുത്താനും സൂപ്പർ ആന്വേഷൻ ആനുകൂല്യം 70000 രൂപയാക്കാനും മാരക രോഗങ്ങൾക്കുള്ള ചികിൽസാ സഹായം 20000 രൂപയാക്കാനും വിവാഹ ധന സഹായം 10000 രൂപയാക്കാനും ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്ന ആദിവാസികളുടെ അംശദായം ഗവൺമെന്റ് നേരിട്ട് വഹിക്കാനും ആവശ്യമായ നിയമഭേദഗതി കൊണ്ടുവരണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : കേരളത്തിലെ കർഷകത്തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് എപ്പോഴും പ്രതിബദ്ധതയോടുകൂടിയാണ് പ്രവർത്തിച്ചിട്ടുള്ളത്. ക്ഷേമനിധി പദ്ധതികളിലും നിയമത്തിലും കാലോചിതമായ പരിഷ്ക്കരണം വരുത്തുന്നതിനെക്കുറിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുന്നതിന് തീരുമാനിക്കുകയും സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. അതനുസരിച്ച് അതിവർഷാനുകൂല്യം, മരണാനന്തര സഹായം, വിവാഹ സഹായം, പ്രസവ സഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ പരിഷ്ക്കരിക്കാനുള്ള ശുപാർശ ക്ഷേമനിധി ബോർഡിൽനിന്നും സർക്കാരിന് ലഭിക്കുമ്പോൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കർഷകത്തൊഴിലാളികളുടെ അംശദായം 10 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതാണ്. അടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമനിർമ്മാണം

കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. അംശദായം അടയ്ക്കുന്നതിന് സാമ്പത്തികമായി കഴിവില്ലാത്ത ആദിവാസികളായ കർഷകത്തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയാത്ത സാഹചര്യത്തിലും അംഗങ്ങളായവർ കുടിശ്ശിക വരുത്തി പുറത്തായ സ്ഥിതിക്കും നിയമഭേദഗതി ആവശ്യമായതിനാൽ വിശദമായി പരിശോധിച്ചശേഷമേ തീരുമാനിക്കാൻ കഴിയൂ. ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് 2001 മുതൽ കുടിശ്ശികയുള്ള അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിന് 114.95 കോടി രൂപ അനുവദിച്ചതിൽ 75 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. സൂപ്പർ ആന്വേഷൻ 70,000 രൂപയാക്കുന്നത് സാദ്ധ്യമാണോ എന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിപ്രകാരം 30,000 രൂപ അടയ്ക്കുന്ന കുടുംബങ്ങൾക്ക് 30,000 രൂപവരെയുള്ള സൗജന്യ ചികിത്സ നടത്താവുന്ന പദ്ധതിയുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാവർക്കും ചികിത്സ ലഭിക്കുന്ന നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

## വ്യക്തിപരമായ വിശദീകരണം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ഇന്നലെ ഞാൻ സഭയിലില്ലാതിരുന്ന സമയത്ത് ശ്രീ. എം. ചന്ദ്രൻ, എം.എൽ.എ. എനിക്കെതിരെ ഉന്നയിച്ച അടിസ്ഥാനരഹിതമായ ആരോപണങ്ങൾ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യുകയും ശ്രീ. എം. ചന്ദ്രൻ അത് പിൻവലിച്ച് മാപ്പ് പറയുകയും ചെയ്യണം.

ശ്രീ. എം. ചന്ദ്രൻ: ഇന്നലെ സത്യവിരുദ്ധമായ ഒരു പ്രസ്താവനയും സഭയിൽ നടത്തിയിട്ടില്ല. ഒരു എം.എൽ.എ.-യ്ക്കെതിരെ എന്തെങ്കിലും

തരത്തിലുള്ള ആക്രമണം നടന്നിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ വേണ്ടിയാണ് പ്രസ്തുത പ്രശ്നം ഇവിടെ ഉന്നയിച്ചത്. അതിൽ സത്യവിരുദ്ധമായി യാതൊന്നുമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ഇത് സംബന്ധിച്ച് പോലീസ് റിപ്പോർട്ടും സത്യാവസ്ഥയും ആഭ്യന്തര വകുപ്പുമന്ത്രി സഭയെ അറിയിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 5-7-2010-ന് കണ്ണൂർ എം.എൽ.എ. ശ്രീ. അബ്ദുള്ളക്കുട്ടി ആനാട് ഗ്രാമപഞ്ചായത്ത് മെമ്പറും പെരിങ്ങമ്മല പഞ്ചായത്ത് മെമ്പറുമൊത്ത് പൊന്മുടിക്ക് പോകുന്ന വഴി വൈകുന്നേരം 3.45-ന് വിതുര ബസ് സ്റ്റാന്റിന് സമീപം വച്ച് ഹർത്താലനുകൂലികൾ കാർ തടഞ്ഞു. ആ കാറിന് തൊട്ടുപിറകിലായി ഗൾഫിൽ ബിസിനസ്സുകാരനായ പ്രസാദ് പണിക്കരും കുടുംബവും മറ്റൊരു കാറിൽ സഞ്ചരിച്ചിരുന്നു. ഹർത്താലനുകൂലികൾ കാറുകളെ തടഞ്ഞപ്പോൾ എം.എൽ.എ. സഞ്ചരിച്ചിരുന്ന കാറും പ്രസാദ് പണിക്കർ സഞ്ചരിച്ചിരുന്ന കാറും തിരിച്ച് വിതുര പോലീസ് സ്റ്റേഷനിലേയ്ക്ക് പോയി. പൊൻമുടിയിലേയ്ക്ക് പോകുന്നതിന് മതിയായ പോലീസ് സംരക്ഷണം നൽകാമെന്ന് വിതുര പോലീസ് എം.എൽ.എ.യോട് പറഞ്ഞെങ്കിലും അദ്ദേഹം അത് വേണ്ടെന്ന് വച്ച് തിരുവനന്തപുരത്തേയ്ക്ക് മടങ്ങിപ്പോന്നു. എം.എൽ.എ.-യും അദ്ദേഹത്തിന്റെ വാഹനത്തിനു പുറകിലുണ്ടായിരുന്ന പ്രസാദ് പണിക്കരും കുടുംബവും പോലീസ് സ്റ്റേഷനിലെത്തിയപ്പോൾ നാട്ടുകാർ പോലീസ് സ്റ്റേഷനിലെത്തി കൂടെയുള്ള സ്ത്രീ പ്രസാദ് പണിക്കരുടെ ഭാര്യയാണോ അതോ എം.എൽ.എ.യുടെ കൂടെയുള്ളതാണോ യെന്ന സംശയം പ്രകടിപ്പിക്കുകയും ജനങ്ങളോട് പോലീസുദ്യോഗസ്ഥർ

കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിയശേഷം എം.എൽ.എ.-യേയും കൂടെയുള്ള വരേയും വാഹനത്തിൽ കടത്തിവിടുകയും പ്രസാദ് പണിക്കരേയും കുടുംബ ത്തേയും അവർ വന്ന വാഹനത്തിൽ മടങ്ങിപ്പോകുന്നതിന് സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തു. ഇതിന്മേൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസാദ് പണിക്കരുടെ പേരിൽ കെ.ടി.ഡി.സി. ക്വാർട്ടറിൽ മൂന്ന് കോട്ടേജുകൾ ബുക്ക് ചെയ്തതായി മനസ്സിലാക്കുന്നുണ്ട്. ശ്രീ. അബ്ദുള്ളക്കു ട്ടിക്ക് പോലീസ് സംരക്ഷണം കൊടുത്തിട്ടുണ്ട്. രണ്ട് ഗൺമാന്മാരെ അദ്ദേഹ ത്തിന് അനുവദിച്ചിട്ടുണ്ടെങ്കിലും ആ ഗൺമാന്മാരൊന്നും ഇന്നലെ കൂടെപ്പോ യതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. ഉമ്മൻചാണ്ടി</u>): ശ്രീ. അബ്ദുള്ളക്കുട്ടിയോ ടുള്ള രാഷ്ട്രീയ വിരോധം തീർക്കുന്നതിനുവേണ്ടി ഒരു കുടുംബത്തെക്കൂടി ഇങ്ങനെ അപമാനിക്കരുതായിരുന്നു. ശ്രീ. പ്രസാദ് പണിക്കർ സർക്കാരി നോട് അനുഭാവമുള്ള വ്യവസായിയും കൈരളി ടി.വി.യുടെ ഷെയർ ഹോൾഡറുമാണ്. സഭയിലെ ഒരു അംഗത്തിനെതിരെ കേട്ടുകേൾവിയുടെ പേരിൽ വ്യക്തിപരമായ വിരോധം തീർക്കാൻ ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ഇക്കാര്യത്തിൽ പോലീസ് ഒരു കേസ് പോലും എടുത്തിട്ടില്ല എന്നു ള്ളത് ശ്രദ്ധേയമാണ്. ശ്രീ. ചന്ദ്രൻ അദ്ദേഹത്തിന്റെ പ്രസ്താവന പരസ്യമായി പിൻവലിക്കുകയും മാപ്പ് പറയുകയും ചെയ്യണം. ഈ വിഷയത്തിൽ റൂളിംഗ് ഉണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ഈ സഭ വെറുതെ ഈ പ്രശ്നം പറഞ്ഞ് കൂടുതൽ ചർച്ചകളിലേയ്ക്ക് പോകുന്നത് ഗുണകരമാണോ എന്ന് പ്രതിപക്ഷം ആലോചിക്കുന്നത് നല്ലതാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> പോലീസിനുപോലും അംഗീകരിക്കാൻ പറ്റാത്ത കാര്യം ആഭ്യന്തര വകുപ്പുമന്ത്രി ന്യായീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.

(ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പസമയ ത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

**സബ്മിഷൻ**

(1) <u>ജില്ലാ ഫുട്ബോൾ അസോസിയേഷന് സ്ഥലം പതിച്ചു നൽകാൻ നടപടി</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> തിരുവനന്തപുരം ജില്ലാ ഫുട്ബോൾ അസോസി യേഷന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന സ്ഥലം അസോസിയേഷന് പതിച്ചു നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u> : തിരുവനന്തപുരം ജില്ലാ ഫുട്ബാൾ അസോസ്സിയേഷന്റെ കൈവശമുള്ള 18.9 സെന്റ് സ്ഥല ത്തിന്റെ മാർക്കറ്റ് വില വളരെ കൂടുതലായതിനാൽ കെട്ടിടവും അതിനോട് ചേർന്നുള്ള സ്ഥലവും അടയാളപ്പെടുത്തി കഴിഞ്ഞാൽ ബാക്കി സ്ഥലം ഗവൺമെന്റ് തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള പാട്ടവ്യവസ്ഥയിലാണ് ഗവൺമെന്റ് ഇത്തരത്തിലുള്ള ഭൂമി നൽകുന്നത്. ഈ ഭൂമി പതിച്ചുനൽകണമെന്ന ആവശ്യം സംബന്ധിച്ച് പരിശോധിക്കുകയും അതിനുള്ള എല്ലാ നടപടികളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ആഴ്ചയിലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) <u>കേന്ദ്രതീരദേശ നിയന്ത്രണ (ഭേദഗതി) നിയമം</u>

<u>ശ്രീ. വി. ഡി. സതീശൻ</u> : കേന്ദ്ര ഗവൺമെന്റ് അയച്ചുതന്നിട്ടുള്ള കേന്ദ്ര തീരദേശ നിയന്ത്രണ (ഭേദഗതി) നിയമത്തിന്റെ കരടിൽ വരുത്തേണ്ട മാറ്റങ്ങൾ അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : 1991-ലെ കേന്ദ്ര തീരദേശ നിയന്ത്രണ (ഭേദഗതി) നിയമം ഭേദഗതി ചെയ്യുന്നതിനായി 2010 ഏപ്രിൽ 30-ന് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയം പ്രസിദ്ധീകരിച്ച കരട് വിജ്ഞാപനത്തെക്കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം മേയ് 31-ന് അയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള തീരദേശ പരിപാലന സമിതിയുമായി ചർച്ച ചെയ്യുകയും വിദഗ്ദ്ധരുടെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിളിച്ചുകൂട്ടിയ ബന്ധപ്പെട്ട സെക്രട്ടറിമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനും കേരള തീരദേശ പരിപാലന സമിതിയുടെ ശുപാർശകളും ചർച്ച ചെയ്യുകയുണ്ടായി. അനുവദിക്കപ്പെട്ട സമയം കുറവായതിനാലും നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന വിവിധ പ്രതിഫലനങ്ങൾ ആഴത്തിൽ പരിശോധിക്കേണ്ടതിനാലും ഒരു മാസത്തെ കാലാവധി കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് ചീഫ്സെക്രട്ടറി കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുസെക്രട്ടറിക്ക് കത്തയയ്ക്കുകയുമുണ്ടായി. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് വിളിച്ചുകൂട്ടുന്ന യോഗത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ അറിയിക്കുന്നതിനായി കേരള

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റിനെ നിയോഗിക്കുന്നതാണ്.

(3) ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : എറണാകുളം നഗരത്തിനോട് അടുത്തുകിടക്കുന്ന താന്തോന്നിതുരുത്തിലെ ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കാൻ കൊച്ചി നഗരസഭയുമായി ചേർന്ന് 'ജൻറം' പദ്ധതിയിൽ ഉൾപ്പെടുത്തി ബോട്ടുവാങ്ങിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): കടൽക്കാറ്റും കടൽക്ഷോഭവും ഉള്ളതുകൊണ്ട് ഫൈബർ ബോട്ട് ഇറക്കാൻ പാടില്ലെന്ന് റെഡ് അലേർട്ട് കിട്ടിയതുകൊണ്ട് 17-6-2010 വരെ ഫൈബർ ഗ്ലാസ് ബോട്ടുകൾ പൂർണ്ണമായും മറ്റ് ബോട്ടുകൾ ഭാഗികമായും സർവ്വീസ് നടത്താൻ സാധിച്ചിട്ടില്ല. യാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് ഫൈബർ ബോട്ടുകളുടെ സർവ്വീസ് മൺസൂൺ കാലം കഴിയുന്നതുവരെ രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണിവരെ നിജപ്പെടുത്തിയിട്ടുണ്ട്. എറണാകുളം-മട്ടാഞ്ചേരി- ഫോർട്ട്കൊച്ചി റൂട്ടിൽ നാല് സ്റ്റീൽ/തടി ബോട്ടുകളും എറണാകുളം വൈപ്പിൻ റൂട്ടിൽ 3 ഫൈബർ ബോട്ടുകളും എറണാകുളം -താന്തോന്നിതുരുത്ത് മുളവുകാട് റൂട്ടിൽ ഒരു സ്റ്റീൽ ബോട്ടുമാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. ഏഴ് ബോട്ടുകൾ ഉപയോഗിച്ച് എറണാകുളം-മട്ടാഞ്ചേരി 24 ട്രിപ്പും എറണാകുളം-ഫോർട്ട് കൊച്ചി 48 ട്രിപ്പും എറണാകുളം വൈപ്പിൻ 25 ട്രിപ്പുമാണ് ഇപ്പോൾ നടത്തുന്നത്. യാത്രക്കാരുടെ തിരക്ക് ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ സർവ്വീസിന്റെ സുഗമമായ നടത്തിപ്പിന് മട്ടാഞ്ചേരി സർവ്വീസ് താൽക്കാലികമായി ഫോർട്ട് കൊച്ചി വരെയാക്കി. ഷെഡ്യൂൾ

സമയം നോക്കാതെ 26-6-2010 മുതൽ 60 ട്രിപ്പുകൾ ഫോർട്ട് കൊച്ചിയിലും 16 ട്രിപ്പുകൾ വൈപ്പിനിലും നടത്തുന്നതിനാൽ ഈ മേഖലയിലെ തിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മൺസൂൺ കാലത്ത് ബോട്ടുകളുടെ ലഭ്യത ഉറപ്പാക്കാൻ മുൻകൂട്ടി സ്വീകരിച്ച നടപടികളുടെ ഭാഗമായി കണ്ണൂർ സിൽക്ക്-ൽ പണി പൂർത്തിയായ 5 സ്റ്റീൽ ബോട്ടുകൾ എത്തുന്ന മുറയ്ക്ക് മട്ടാഞ്ചേരി-ഫോർട്ട് കൊച്ചി ബോട്ട് സർവ്വീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും.

(4) <u>ഫെയർ സ്റ്റേജ് ഉത്തരവിലെ അപാകതകൾ</u>

<u>ശ്രീ. മോൻസ് ജോസഫ് :</u> കുറവിലങ്ങാട് ഫെയർ സ്റ്റേജ് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനും സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസ്സഞ്ചർ ഉൾപ്പെടെയുള്ള എല്ലാ ബസ്സുകൾക്കും കുറവിലങ്ങാട് പഞ്ചായത്ത് ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് ഐഡന്റിക്കൽ ഫെയർ സ്റ്റേജ് അനുവദിക്കുന്ന വിധത്തിൽ ഉത്തരവ് പുതുക്കി പുറപ്പെടുവിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. ജോസ് തെറ്റയിൽ):</u> കേരളത്തിലൊട്ടാകെ ഫെയർ സ്റ്റേജുകൾ സംബന്ധിച്ചുള്ള പരാതി വർഷങ്ങളായി നിലനിൽക്കുകയാണ്. ഈ അടുത്ത ദിവസം ഇതു സംബന്ധിച്ച് ഒരു പുതിയ തീരുമാനമെടുക്കുകയുണ്ടായി. അതനുസരിച്ച് കുറവിലങ്ങാട് പള്ളി എന്നുള്ള സ്റ്റോപ്പ് മാറ്റി ജംഗ്ഷനിലേയ്ക്ക് വേണമെന്നുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ഡയറക്ടർ ബോർഡ് കൂടുകയും അതനുസരിച്ചുള്ള തീരുമാനം പ്രഖ്യാപിക്കുകയും ചെയ്തു. ഉചിതമായ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തൊട്ടാകെ ഐഡന്റിഫിക്കേഷൻ

ഫെയർ സ്റ്റേജുകൾ നിശ്ചയിച്ചിട്ടുള്ളത്. സൂപ്പർ എക്സ്പ്രസ്സിന് ഫെയർ സ്റ്റേജ് കുറവിലങ്ങാട് ജംഗ്ഷനും കുറവിലങ്ങാട് പള്ളിക്കവല ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകൾക്ക് ഐഡന്റിക്കൽ ഫെയർ സ്റ്റേജുമാണ് അനുവദിച്ച് ഉത്തരവായത്. എന്നാൽ ഐഡന്റിക്കൽ ഫെയർ സ്റ്റേജ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ കുറവിലങ്ങാട് ജംഗ്ഷൻ എന്നാണ് പറഞ്ഞിരിക്കുന്നത്. കുറവിലങ്ങാട് ജംഗ്ഷൻ എന്നുള്ളത് മാറ്റി പകരം കുറവിലങ്ങാട് പഞ്ചായത്ത് ബസ് സ്റ്റാൻഡും കുറവിലങ്ങാട് പള്ളിക്കവലയും എന്നും ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകൾ എന്നുള്ളത് മാറ്റി സൂപ്പർ ഫാസ്റ്റ് വരെയുള്ള സർവ്വീസുകൾ എന്നും തിരുത്തി ഉടനെ ഉത്തരവിറക്കുന്നതാണ്.

(5) <u>കല്ലുമക്കായ കൃഷി നശിച്ച സംഭവം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: മഴകാരണം വെള്ളം പൊങ്ങിയതിനാൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ പടിഞ്ഞാറൻ മേഖലയിലെ കവ്വായി കായലിൽ കല്ലുമക്കായ കൃഷി ചെയ്യാൻ കൃഷിക്കാർക്ക് സാധ്യമല്ലാത്ത സ്ഥിതിവിശേഷമുള്ളതുകൊണ്ട് അവരെ സംരക്ഷിക്കാനും നഷ്ടപരിഹാരം നൽകാനും ശാസ്ത്രീയമായ രീതിയിൽ കല്ലുമക്കായ കൃഷി ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u>: കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലകളിൽ ഒക്ടോബർ മാസത്തിൽ കല്ലുമക്കായ കൃഷിയിറക്കി മേയ് മാസത്തിൽ വിളവെടുപ്പ് പൂർത്തിയാക്കുന്ന തരത്തിലുള്ള പരിശീലനമാണ് കൃഷിക്കാർക്ക് നൽകിയിട്ടുള്ളത്. എന്നാൽ കർഷകരുടെ എണ്ണവും കൃഷി സാന്ദ്രതയും വിപണന പ്രക്രിയയെ സാർവ്വത്രികമായി ബാധിക്കുകയും മഴയെത്തുടർന്ന് ജലത്തിന്റെ ലവണാംശം അനി

യന്ത്രിതമായി കുറഞ്ഞതിന്റെ ഫലമായി കല്ലുമക്കായ കൃഷി നശിച്ചുപോകുകയുമാണുണ്ടായത്. ഈ വർഷം കൃഷിയിറക്കിയ ധാരാളം കർഷകർക്ക് കൃഷി നാശം സംഭവിച്ചതായി ജില്ലാ ഓഫീസുകളിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് അടിയന്തിരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കാസർഗോഡ് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായശേഷം ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(6) റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : ആറളം, അയ്യൻകുന്ന് പഞ്ചായത്തുകളിൽപ്പെട്ട അമ്പലക്കണ്ടി, വാളത്തോട് തുടങ്ങിയ പ്രദേശങ്ങളിലെ 600-ഓളം വരുന്ന ആളുകൾക്ക് റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി പട്ടയം നൽകുന്നതിനും നീർമറി പ്രോജക്ട് നടപ്പിലാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : അമ്പലക്കണ്ടിയിലെ മിച്ചഭൂമി എല്ലാ നടപടികളും പൂർത്തിയാക്കി ഗവൺമെന്റിൽ നിക്ഷിപ്തമാക്കിയാൽ മാത്രമേ വിതരണം ചെയ്യാൻ കഴിയൂ. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കാൻ ജില്ലാ കളക്ടർക്കും സർവ്വേ നടപടികൾക്കുവേണ്ടി ഒരു സ്പെഷ്യൽ ടീമിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ തലശ്ശേരി ആർ.ഡി.ഒ.യ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എം.എൽ.എ.മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

## (7) പഴശ്ശിരാജ മ്യൂസിയത്തിലെ പുരാവസ്തുക്കൾ

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് പഴശ്ശിരാജ മ്യൂസിയത്തിലെ അമൂല്യങ്ങളായ 36 പ്രദർശന വസ്തുക്കൾ കടത്താൻ നടത്തിയ ശ്രമത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് 22-06-2009-ലെ സർക്കാർ ഉത്തരവ് പിൻവലിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ടൂറിസം ഡയറക്ടറേറ്റ് പ്രവർത്തിച്ചിരുന്ന പൈതൃക മന്ദിരത്തിൽ കേരളത്തിന്റെ ചരിത്രവും സാംസ്കാരിക പൈതൃകവും വെളിവാക്കുന്ന ആധുനിക മ്യൂസിയം സജ്ജമാക്കാനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ഇൻഡ്യയിലെ മാതൃകാ മ്യൂസിയമായി ഇതിനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള മ്യൂസിയങ്ങളിൽ സൂക്ഷിച്ചിരിക്കുന്നവയിൽ തെരഞ്ഞെടുത്ത പ്രദർശന വസ്തുക്കൾ മ്യൂസിയം തത്വപ്രകാരം ലോൺ വ്യവസ്ഥയിൽ പുതിയ മ്യൂസിയത്തിന് കൈമാറാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. നിലവിലുള്ള മ്യൂസിയങ്ങളുടെ സ്ഥിതിക്ക് ഒരു തരത്തിലും കോട്ടം വരാത്ത വിധം സ്റ്റോറിലുള്ള പ്രദർശന വസ്തുക്കൾ കൈമാറാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ചാണ് നാഷണൽ മ്യൂസിയത്തിൽനിന്നും വേലുത്തമ്പി ദളവയുടെ വാൾ കടമായി കൊണ്ടുവന്ന് നേപ്പിയർ മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ളത്. പഴശ്ശിരാജ മ്യൂസിയത്തിലെ നല്ലൊരു ഭാഗം പ്രദർശന വസ്തുക്കളും പ്രദർശിപ്പിക്കാൻ കഴിയാതെ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നത് കണക്കിലെടുത്തുകൊണ്ടാണ് 36 പ്രദർശന വസ്തുക്കൾ ലോൺ വ്യവസ്ഥയിൽ പുതിയ മ്യൂസിയത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്.

പഴശ്ശിരാജ മ്യൂസിയത്തിലെ പ്രൗഢിയും പ്രാധാന്യവും സംരക്ഷിച്ചുകൊണ്ടു മാത്രമേ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയുള്ളൂ.

(8) യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്താൻ നടപടി

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: മഞ്ചേശ്വരം മംഗൽപ്പാടി പഞ്ചായത്തിലെ കുറിച്ചിപ്പള്ള ഹിന്ദുസ്ഥാനി യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരളത്തിലെ ഒരു യു.പി.സ്ക്കൂളും ഹൈസ്ക്കൂളായി ഉയർത്തേണ്ടതില്ലെന്നാണ് ഹൈസ്ക്കൂളുകളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട വിദഗ്ദ്ധസമിതി നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ കാസർഗോഡ് ജില്ലയിലെ കുറിച്ചിപ്പള്ള ഗവൺമെന്റ് ഹിന്ദുസ്ഥാനി യു.പി. സ്ക്കൂൾ അനഫി വിഭാഗത്തിൽപ്പെട്ട ഉറുദു മാതൃഭാഷയായി പഠിപ്പിക്കുന്ന ഏക ഹിന്ദുസ്ഥാനി സ്ക്കൂളാണ്. സാമൂഹികവും സാംസ്ക്കാരികവുമായ സവിശേഷതകൾ പരിഗണിച്ച് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സ്ക്കൂളിനെ ഹൈസ്ക്കൂളാക്കി ഉയർത്താനുള്ള സാധ്യത ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ

ശ്രീ. എം. ഹംസ: പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബധിരമൂക വിദ്യാലയത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ബി.എഡ്. ഡിപ്ലോമാ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്ന

തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലല്ല പ്രവർത്തിക്കുന്നത്. വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡി.പി.ഐ. സമയം ആവശ്യപ്പെട്ടിട്ടുണ്ട്. കഴിയുന്നതുംവേഗം സ്പെഷ്യൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കാനുള്ള നടപടി അനുഭാവപൂർവ്വം കൈക്കൊള്ളുന്നതാണ്. അക്കൂട്ടത്തിൽ ഒറ്റപ്പാലത്തെയും പരിഗണിക്കുന്നതാണ്.

(10) ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി

ശ്രീ എം. ഉമ്മർ: മലപ്പുറം നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കലിൽ അടിയന്തിരമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മലപ്പുറം നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കലിൽ ഫയർ ആന്റ് റെസ്ക്യൂ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല. സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന 42 ഫയർ ആന്റ് റെസ്ക്യൂ സെന്ററുകളുടെ മുൻഗണനാ ലിസ്റ്റിലും കോട്ടയ്ക്കൽ ഉൾപ്പെട്ടിട്ടില്ല. 14 കിലോമീറ്റർ അകലെയുള്ള തിരൂരിന്റെ കീഴിലാണ് ഈ പ്രദേശം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(11) ഹൗസിംഗ് ബോർഡ് പുനരുദ്ധാരണം

ശ്രീ. കെ. ബാബു: ഹൗസിംഗ് ബോർഡിന്റെ പുനരുദ്ധാരണം ഉറപ്പുവരുത്തുക, മൈത്രീഭവന പദ്ധതി വഴി നൽകിയിരുന്ന പലിശ സബ്സിഡി നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് പിൻവലിക്കുക തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് ഹൗസിംഗ് ബോർഡ് ജീവനക്കാർ ഇന്ന് സെക്രട്ടേറിയറ്റ് ധർണ്ണ നടത്തുകയാണ്. ഹൗസിംഗ് ബോർഡ് പുനരുദ്ധരിക്കാനും മൈത്രീ ഭവന പദ്ധതി വഴി നൽകിയിരുന്ന പലിശയിളവ് നിറുത്തലാക്കിയ ഉത്തരവ് റദ്ദാക്കാനും ഹഡ്കോയുമായി ഉണ്ടാക്കിയിരുന്ന ധാരണ അനുസരിച്ച് മുന്നോട്ടുപോകാനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): മൈത്രീ ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള പലിശ ഉപഭോക്താക്കൾ നൽകണമെന്ന തീരുമാനം റദ്ദാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ട്.

**ക്രമപ്രശ്നം**

(1) പെന്റിംഗ് ബില്ലുകൾ പിൻവലിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പത്താം കേരള നിയമസഭ പാസ്സാക്കി ഗവർണ്ണർ ഒപ്പിട്ട് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച കേരള ഗ്രാന്റ്സ് ആന്റ് ലീസ് മോഡിഫിക്കേഷൻ അമെന്റ്മെന്റ് ബില്ലും കേരള ഭൂപരിഷ്ക്കരണ ബില്ലും പിൻവലിക്കാൻ തീരുമാനിച്ചത് ഭരണഘടനയിലും നിയമസഭാ നടപടിക്രമങ്ങളുടെ കീഴ്വഴക്കങ്ങളിലും പ്രതിപാദിക്കാത്ത വിഷയമാണ്. നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ച പെന്റിംഗിലിരിക്കുന്ന ബില്ലുകൾ പിൻവലിക്കുന്നത് സംബന്ധിച്ച് റൂളിംഗ് നൽകണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പത്താം കേരള നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ച രണ്ട് ബില്ലുകൾ പെന്റിംഗിലാണെന്ന വിഷയം കേന്ദ്ര മന്ത്രാലയത്തെ അറിയിച്ചപ്പോൾ വർഷങ്ങളായി പെന്റിംഗിലുള്ള നിയമങ്ങൾ പിൻവലിക്കാവുന്നതാണെന്ന മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഭയിൽ റെസല്യൂഷൻ പാസ്സാക്കി പിൻവലിക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ഒരു ബിൽ നിയമസഭ പാസ്സാക്കി ഗവർണ്ണറുടേയോ പ്രസിഡന്റിന്റേയോ അനുമതിക്കായി അയച്ചാൽ ഗവൺമെന്റിന്റേയോ പ്രസിഡന്റിന്റേയോ അനുമതി ലഭിച്ചില്ലെങ്കിൽ ആ ബിൽ സഭ മുമ്പാകെ നിലവിലുള്ള ബില്ലായി കണക്കാക്കാവുന്നതാണ്. അപ്രകാരമുള്ള ബിൽ നിയമസഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ.

(2) സംസ്ഥാന വഖഫ് ബോർഡിനെ സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. എം. ഉമ്മർ: സംസ്ഥാന വഖഫ് ബോർഡിനെക്കുറിച്ചുള്ള അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും സഭയിലെ അംഗങ്ങൾക്ക് ഇതേവരെ ലഭ്യമായിട്ടില്ല. ഇത് അംഗങ്ങൾക്ക് ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാന വഖഫ് ബോർഡിനെ സംബന്ധിക്കുന്ന അന്വേഷണ കമ്മീഷൻ

റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ സമർപ്പിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി സഭയിൽ വയ്ക്കേണ്ടതാണ്. ഇപ്പോൾ എട്ടുമാസം കഴിഞ്ഞു. ആറുമാസത്തിനുള്ളിൽ തന്നെ റിപ്പോർട്ട് വയ്ക്കുന്നതാണ് അതിന്റെ ശരി എന്നാണ് ബന്ധപ്പെട്ടവരോട് ചെയറിന് അറിയിക്കാനുള്ളത്.

ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും 837,05,58,000

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം 358,04,63,000

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ 25,62,23,000

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം 196,50,50,000

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. എ. പി. അനിൽകുമാർ, എം. ഉമ്മർ, പി.കെ. അബ്ദുറബ്ബ്, വി. കെ. ഇബ്രാഹിം കുഞ്ഞ്, യു.സി.രാമൻ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, സി. പി. മുഹമ്മദ്, സി.ടി. അഹമ്മദ് അലി, കെ. ബാബു, കെ. കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാഴികാടൻ, തോമസ് ഉണ്ണിയാടൻ, ആര്യാടൻ മുഹമ്മദ്, ഡൊമിനിക് പ്രസന്റേഷൻ, വർക്കല കഹാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി. കാർത്തികേയൻ, കെ. ശിവദാസൻ നായർ, കെ.കുട്ടി അഹമ്മദ് കുട്ടി, പി. സി. വിഷ്ണുനാഥ്, എൻ. ശക്തൻ, വി. ഡി. സതീശൻ, എ. എ. ഷുക്കൂർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. പി. സി. വിഷ്ണുനാഥ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ റോഡുകൾ ഗതാഗത യോഗ്യമാക്കണം. മുഖ്യമന്ത്രിതന്നെ

വിമർശനം നടത്തിയിട്ടുള്ള സ്ഥിതിക്ക് ഗതാഗത വകുപ്പുമന്ത്രിക്ക് ആ സ്ഥാനത്ത് ഇരിക്കാൻ ധാർമ്മികമായി അർഹതയില്ല. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം വർദ്ധിക്കുകയും വരുമാനം കുറയുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. യാതൊരു മാനദണ്ഡവുമില്ലാതെ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുന്നതുകൊണ്ട് ഓർഡിനറി ബസ്സുകളുടെ കളക്ഷനിൽ കുറവുണ്ടായിക്കൊണ്ടിരിക്കുകയാണ്. പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുത്താൽ മാത്രമേ കെ.എസ്.ആർ.ടി.സി. വയബിളാവുകയുള്ളൂ. മിനിമം ചാർജിൽ ന്യായീകരിക്കാൻ കഴിയാത്ത വിധത്തിൽ 60 ശതമാനം വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി. 5000 ബസ്സ് ഓടിക്കുമ്പോൾ 35000 ബസ്സുകളാണ് സ്വകാര്യ മേഖലയിൽ ഓടുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഭാവിയിൽ ഉണ്ടാകാൻ പോകുന്ന വില വർദ്ധനവുകൂടി കണക്കാക്കി ബസ് ചാർജ്ജ് വർദ്ധിപ്പിച്ച ഗവൺമെന്റാണിത്. ചാർജ്ജ് വർദ്ധന പിൻവലിക്കാൻ തയ്യാറാകണം. കുട്ടനാട് പാക്കേജിനായി 1843 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചെങ്കിലും അതിന്റെ ഒരു നടപടിക്രമങ്ങളും പൂർത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.ക്കും വാട്ടർ അതോറിറ്റിക്കും പൊതുമേഖലാ സ്ഥാപനം എന്നുള്ള പരിഗണന കൊടുത്തുകൊണ്ട് ലാഭനഷ്ടം നോക്കാതെ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ നൽകുന്നുണ്ട്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 47 വൻകിട ജലസേചന പദ്ധതികളും 190 ചെറുകിട ജലസേചന പദ്ധതികളും

പൂർത്തീകരിക്കുന്നതിനും 10 ലക്ഷത്തോളം ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2010-2011-ൽ ജെ.ബി.ഐ.സി. പദ്ധതി സംസ്ഥാനത്ത് പൂർത്തീകരിക്കുമ്പോൾ 5 ജില്ലകളിലായി 41 ലക്ഷത്തോളം ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 20 ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന 100 പദ്ധതികൾ 2010-2011-ൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച പദ്ധതികളിൽ 75 ശതമാനവും ഗ്രാമീണ മേഖലയിലാണ് എന്നുള്ളത് ആശ്വാസകരമാണ്. ഗ്രാമീണ മേഖലയിലെ പദ്ധതി സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കുവേണ്ടി 300 കോടി രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളത്. കൊച്ചി നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി 136.16 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കി. മുല്ലപ്പെരിയാർ കേസിൽ സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സുപ്രീംകോടതിയിൽനിന്ന് ഉണ്ടായത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിന് സർക്കാർ ഏതാണ്ട് 125 കോടി രൂപയുടെ ധനസഹായം നൽകിയെന്ന് മാത്രമല്ല 16853 പേർക്ക് അവിടെ തൊഴിൽ നൽകാനും സാധിച്ചു. കഴിഞ്ഞ നാല് വർഷത്തെ വികസന പ്രവർത്തനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. 2192 ബസ്സുകൾ പുതിയതായി നിരത്തിലിറക്കിയെന്ന് മാത്രമല്ല ജനപ്രിയ മലബാർ സർവീസ് ഉൾപ്പെടെ 1039 പുതിയ ഷെഡ്യൂളുകൾ ആരംഭിക്കാനും കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി വ്യാപാര സമുച്ചയം തുടങ്ങാൻ തീരുമാനിക്കുകയും തിരുവനന്തപുരം ജില്ലയിലെ തമ്പാനൂരിൽ 70 കോടി രൂപ മുടക്കി വ്യാപാര സമുച്ചയം ആരംഭിക്കുന്നതിനുള്ള തറക്കല്ലിടാനും സാധിച്ചു. കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധനക്ഷമത ഇപ്പോൾ 4.27 കി.മീ. ആയി വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തികനയം കേരളത്തെ തികച്ചും നിരാശപ്പെടുത്തുന്ന രൂപത്തിലാണുള്ളത്. സംസ്ഥാനത്തിന് അർഹമായ സഹായം ലഭിക്കുന്നില്ലെന്ന് മാത്രമല്ല സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ തകർക്കുന്ന നയസമീപനങ്ങളാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. തോമസ് ചാഴികാടൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ ഓഫീസുകളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതോടൊപ്പം അതിനോടനുബന്ധിച്ച സ്റ്റേഷനറിയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ലൈസൻസ്, ആർ.സി. ബുക്കുകൾ എന്നിവ നൽകുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിലാക്കുന്നതോടൊപ്പം ഈ സംവിധാനം വരുന്നതിനുമുമ്പ് വിതരണം ചെയ്യാൻ കുടിശ്ശികയുള്ള ലൈസൻസും ആർ.സി ബുക്കും കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. റാന്നി, അങ്കമാലി, കുന്നത്തൂർ, തിരൂരങ്ങാടി, ചാലക്കുടി എന്നീ സ്ഥലങ്ങളിൽ പുതിയ ജോയിന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കണം. മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധിയിൽ തുക അടച്ച രസീത് കാണി

ച്ചാൽ മാത്രമേ വാഹന നികുതി സ്വീകരിക്കുകയുള്ളൂവെന്ന നിബന്ധനയുള്ള തുകൊണ്ട് ആയിരക്കണക്കിന് വാഹനങ്ങൾ ടാക്സ് അടയ്ക്കാതിരിക്കുന്നതിനാൽ കോടിക്കണക്കിന് രൂപയുടെ നികുതി കുടിശ്ശിക വന്നിരിക്കുകയാണ്. മോട്ടോർ വാഹന നികുതി പിരിക്കാൻ ഇന്നുള്ള സംവിധാനത്തിന് മാറ്റം വരുത്തണം. ക്ഷേമനിധി പിരിക്കാനും നികുതി പിരിക്കാനും പ്രത്യേക വിഭാഗം ഉണ്ടാകേണ്ടത് ആവശ്യമാണ്. റോഡ് സേഫ്റ്റി അതോറിറ്റി റോഡ് സെസ് പിരിക്കുന്നുവെന്നുള്ളതല്ലാതെ റോഡ് സുരക്ഷാ സംവിധാനം മെച്ചപ്പെടുത്താനാവശ്യമായ ഉപകരണങ്ങൾ വാങ്ങുകയോ അതോറിറ്റിക്ക് പ്രവർത്തിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വാഹനങ്ങളുടെ മെക്കാനിക്കൽ ഡിഫക്ട് പരിശോധിക്കാനുള്ള യാതൊരു സംവിധാനവും ഇല്ല. വാഹനാപകടങ്ങൾ തടയുന്നതിന് റോഡ് സേഫ്റ്റി സംവിധാനം കാര്യക്ഷമമാക്കുകയും ഉദ്യോഗസ്ഥർക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. കെ.എസ്.ആർ.ടി.സി-യുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഏറ്റുമാനൂർ പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയിട്ടുള്ള രണ്ടര ഏക്കർ സ്ഥലം ഉപയോഗിച്ച് അവിടത്തെ ബസ് സ്റ്റേഷൻ സബ്ഡിപ്പോ ആയി ഉയർത്താൻ നടപടി സ്വീകരിക്കണം. ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. 1974-ൽ ആരംഭിച്ച മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി 2010 ആയിട്ടും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതുകൊണ്ട് പദ്ധതിച്ചെലവിൽ വർദ്ധനവ് ഉണ്ടാകുകയും ജനങ്ങൾക്ക് അതിന്റെ ഗുണം ലഭിക്കാതെ പോവുകയും സംസ്ഥാനത്തിന് കാർഷിക മേഖലയിൽനിന്നും ലഭിക്കേണ്ട വരുമാനം നഷ്ടമാവുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. കുട്ടനാട് പാക്കേജി

നുവേണ്ടി 1840 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചെങ്കിലും പദ്ധതി നടപ്പാക്കുന്നതിൽ കാര്യമായ പുരോഗതിയുണ്ടായില്ല. ഇക്കാര്യത്തിൽ ജലവിഭവ വകുപ്പിന്റെ ഭാഗത്തുനിന്ന് കൂടുതൽ ശ്രദ്ധയുണ്ടാകണം. പാട ശേഖരങ്ങളുടെ ബണ്ടുകൾ സംബന്ധിച്ചും കനാലുകളുടെ ആഴം കൂട്ടുന്നതു സംബന്ധിച്ചും എസ്റ്റിമേറ്റ് എടുക്കുന്ന നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന പണം യഥാസമയം വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തണ്ണീർമുക്കം ബണ്ടിന്റെ പുനർ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കായലുകളും നദികളും മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന് പരിഹാരം ഉണ്ടാക്കുന്നതിനായി വാഗ്ദാനം ചെയ്ത കേന്ദ്രസഹായം നേടിയെടുക്കാൻ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. UIDSSMT പദ്ധതിയിൻകീഴിൽ 339 കോടി രൂപ കുടിവെള്ള പദ്ധതികൾക്കായി അനുവദിച്ചുവെങ്കിലും ഒരു പദ്ധതിപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റുമാനൂർ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടിയുണ്ടാകണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലുവർഷത്തെ ഭരണത്തിൽ ജലവിഭവ-ജലസേചന വകുപ്പുകളിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും കേരളത്തിന്റെ ദൈനംദിന ജീവിതത്തിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമ്പോൾ കുടിവെള്ള ദൗർലഭ്യം സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമായി മാറിയിരിക്കുകയാണ്. ജലസമ്പത്തിന്റെ സംരക്ഷണവും ഗുണപരമായ വിനിയോഗവും അതിലൂടെയുള്ള വളർച്ചയുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു. 47 വൻകിട പദ്ധതികളും 190 ചെറുകിട പദ്ധതികളും പൂർത്തീകരിച്ചു. നബാർഡിന്റെ സഹായത്തോടെ 870 കോടി രൂപ ചെലവഴിച്ച് 36 പദ്ധതികളുടെ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി വരികയാണ്. മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി 138 കോടി രൂപയുടെ 17 നഗര വികസന പദ്ധതികൾ പൂർത്തിയായി വരികയാണ്. ജനപ്രതിനിധികളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ തലസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. ഇതോടുകൂടി ഇന്ത്യയിൽ ആദ്യമായി 24 മണിക്കൂറും ശുദ്ധജലം ലഭ്യമാകുന്ന പ്രഥമനഗരമായി തലസ്ഥാനനഗരം മാറുകയാണ്. സ്ഥാപന ശാക്തീകരണത്തിനായി കൺസൾട്ടൻസികളുടെ പുറകേ പോകുന്നതിനുപകരം തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തി സമിതിയെ നിയമിക്കുകയും കേരള വാട്ടർ അതോറിറ്റിയെ കൺസ്യൂമർ ഫ്രണ്ട്ലി സ്ഥാപനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പരാതി പരിഹാര സെൽ, ഹെൽപ് ഡെസ്ക്, ലീക്കേജ് പരിഹരിക്കുന്നതിന് ബ്ലൂ ബ്രിഗേഡ് എന്നിവ രൂപീകരിക്കുകയും അദാലത്തുകൾ നടത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്. കുടിവെള്ളം കുപ്പിയിലാക്കി വിതരണം ചെയ്യുന്നതിനുള്ള പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിച്ചുയെന്ന് മാത്രമല്ല കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിലാദ്യമായി രണ്ട് ദേശീയ പുരസ്ക്കാരങ്ങൾ ലഭിക്കുകയും അതുവഴി ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. വാട്ടർ അതോറിറ്റിയിലെ തൊഴിലാളികൾക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സ്കീം നിർത്തലാക്കാനുള്ള നടപടി പുന:പരിശോധിക്കണം. ഗതാഗതരംഗത്ത് കെ.എസ്.ആർ.ടി.സിയുടെ പങ്കാളിത്തം വർദ്ധിപ്പി

ക്കുന്നതിനും പുതുതായി ജീവനക്കാരെ നിയമിക്കുന്നതിനും പുതിയ ഷെഡ്യൂളുകൾ ആരംഭിക്കുന്നതിനും സാധിച്ചു.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാ രംഗത്തും സമ്പൂർണ്ണ പദ്ധതികളാണ് നടപ്പാക്കുന്നതെങ്കിലും ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഈ സർക്കാരിനു സാധിച്ചില്ല. കെ.എസ്.ആർ. ടി.സി ബസ്സുകളിലെ മിനിമം നിരക്ക് കുറയ്ക്കണം. കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഉദ്യോഗസ്ഥരുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇൻഷ്വർ ചെയ്യാനും അതുവഴി ജനങ്ങളുടെ പരിരക്ഷ ഉറപ്പാക്കാനും കഴിയണം. എന്തെങ്കിലും കാരണത്താൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ ഇടയ്ക്ക് വച്ച് ഓട്ടം നിർത്തേണ്ടി വന്നാൽ യാത്രക്കാർക്ക് ബസ് ചാർജ്ജ് തിരികെ നൽകാൻ നടപടി സ്വീകരിക്കണം. നിലവിലുള്ള ചാർജ്ജ് കുറച്ചുകൊണ്ട് ദീർഘദൂര ബസ്സുകളിൽ കൂടുതൽ യാത്രക്കാരെ ആകർഷിച്ചുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. യൂണിയൻ നേതാക്കളുടേയും ഉദ്യോഗസ്ഥരുടേയും സൗകര്യത്തിനു മുൻഗണന നൽകാതെ ജനങ്ങളുടെ സൗകര്യാർത്ഥം ഷെഡ്യൂൾ തയ്യാറാക്കാൻ ശ്രദ്ധിക്കണം. ബാംഗ്ലൂർ പോലുള്ള ദീർഘദൂര റൂട്ടുകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. കൂടുതൽ സർവ്വീസ് നടത്തണം. പഴയ ബസ്സുകൾ റീപ്ലേസ് ചെയ്യുന്നതോടൊപ്പം ഗുണനിലവാരമുള്ള ബസ്സുകൾ വാങ്ങാൻ ശ്രദ്ധിക്കണം. കെ.എസ്. ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കണം. കോഴിക്കോട് സിറ്റിയോട് ചേർന്ന കുന്നമംഗലത്തേയ്ക്ക് ബസ് സർവ്വീസ് നടത്തണം. കോഴിക്കോട് മുക്കം റോഡിൽ നിലവിലുണ്ടായിരുന്ന ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കണം. എ.സി./വോൾവോ ബസ്സുകൾ തിരുവനന്തപുരം, ബാംഗ്ലൂർ

ഭാഗത്തേയ്ക്ക് കോഴിക്കോട് നിന്ന് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കോഴിക്കോട് കുന്നമംഗലത്ത് ഓപ്പറേഷൻ സെന്റർ തുടങ്ങണം. കോഴിക്കോട് മെഡിക്കൽ കോളേജിനോട് ചേർന്ന പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന ജലദൗർലഭ്യത്തിന് പരിഹാരം കാണണം. കോഴിക്കോട് സിറ്റിയിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുന്ന കുളിമാട് പമ്പിംഗ് സ്റ്റേഷന്റെ പ്രവർത്തനം പുനരാരംഭിക്കണം. ജലസേചന വകുപ്പിൽ ആവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കുകയും പ്രത്യേക ഇലക്ട്രിക്കൽ വിംഗ് രൂപീകരിക്കുകയും ചെയ്യണം. എൻ.സി.പി.സി.യുടെ പദ്ധതികൾ പൂർത്തീകരിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കണം. ബ്ലൂ ബ്രിഗേഡ് പദ്ധതി സമ്പൂർണ്ണമാക്കണം. എല്ലാ കുടിവെള്ള പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കണം. ലോറി ഗതാഗതം ഒരു വ്യവസായമായി കണ്ടുകൊണ്ട് പരിപോഷിപ്പിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. വാട്ടർ കാർഡ് സിസ്റ്റം വ്യാപകമായി നടപ്പിലാക്കണം.

<u>ശ്രീ. എ.എ. അസീസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ ഇടപെടലിന്റെ ഫലമായി മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന് അനുകൂലമായ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞു. തീരദേശ മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗാബ്രിയോൺ കടൽഭിത്തി നിർമ്മാണം ആരംഭിച്ചത് സ്വാഗതാർഹമാണ്. കടൽഭിത്തികളുടെ പുനരുദ്ധാരണം ഉറപ്പാക്കണം. പുലിമുട്ടുകൾ സ്ഥാപിച്ച് കടലാക്രമണ പ്രതിരോധനത്തിന് നടപടി സ്വീകരിച്ചു. ചമ്രവട്ടം പദ്ധതി പൂർത്തീകരണത്തിലേയ്ക്ക് നീങ്ങുന്നത് പ്രശംസനീയമാണ്. പമ്പ റിവർ ബെയ്സിൻ പദ്ധതി ഉൾപ്പെടെ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരി

ക്കുന്നതുമൂലം വാട്ടർ അതോറിറ്റിക്ക് രണ്ട് തവണ അംഗീകാരം ലഭിച്ചത് ശ്രദ്ധേയമാണ്. ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ജലനിധി ആവിഷ്കരിച്ച നൂതന പദ്ധതികൾ ആശാവഹമാണ്. ചെറുകിട-വൻകിട പദ്ധതികൾ പൂർത്തീകരിച്ചതുവഴി നാലര ലക്ഷത്തോളം ജനങ്ങൾക്ക് ജലം എത്തിച്ചുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഗതാഗത വകുപ്പ് സംസ്ഥാനത്ത് 1000 പുതിയ ബസ്സുകൾ വീതം ഇറക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമായ കാര്യമാണ്. പെൻഷൻ പദ്ധതി നടപ്പിലാക്കിയതുകാരണം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ സമീപനം ഉണ്ടാകണം. ബസ് റൂട്ടുകൾ അനുവദിക്കുന്ന കാര്യത്തിൽ ജനകീയ സംവിധാനം ഉണ്ടാകണം.

ശ്രീ. എം.ജെ. ജേക്കബ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന രംഗങ്ങളിൽ അഭൂതപൂർവമായ നേട്ടങ്ങളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കർഷക ആത്മഹത്യ ഇല്ലാതാക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുകയും ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ക്ഷേമ പെൻഷനുകൾ മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. പിറവം നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിക്കണം. മലബാർ പാക്കേജിൽ 408 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണ പണികളുടെ കൂട്ടത്തിൽ എറണാകുളം ജില്ലയിലെ പദ്ധതികൾകൂടി ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. ഈ സർക്കാർ വന്നതിനുശേഷം പിറവം നിയോജകമണ്ഡലത്തിൽ മുടങ്ങിക്കി

ടന്ന 16 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വർക്കുകൾ ആരംഭിച്ചത് പ്രശംസനീയമാണ്. കോടിക്കണക്കിന് രൂപ മുടക്കി ചെയ്യുന്ന വൻകിട പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കണം. ഭാഗികമായി കമ്മീഷൻ ചെയ്ത കല്ലട ഇറിഗേഷൻ, മുവാറ്റുപുഴ വാലി ഇറിഗേഷൻ എന്നീ പദ്ധതികൾക്ക് കാഡയുടെ പ്രവർത്തനം ഗുണകരമാക്കണം. ശുദ്ധജലവിതരണ രംഗത്തും ഇറിഗേഷൻ രംഗത്തും മാതൃകാപരമായി പ്രവർത്തിക്കുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. ട്രാൻസ്പോർട്ട് വകുപ്പിൽ വലിയ മാറ്റമുണ്ടാക്കാനും കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം തികച്ചും മാതൃകാപരമാണ്. പിറവം നിയോജക മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണവും കളക്ഷനും വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. കെ.കെ. ഷാജു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എമ്പവേർഡ് കമ്മിറ്റിയുടെ അശാസ്ത്രീയ തീരുമാനങ്ങൾ മന്ത്രി ഇടപെട്ട് പരിഹരിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. യാത്രാചാർജ് വർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള നികുതി കുറച്ചുകൊണ്ട് വിൽപന വർദ്ധനവിലൂടെ വരുമാന നഷ്ടം കുറയ്ക്കാൻ നടപടി സ്വീകരിക്കണം. വൻകിട കുത്തക മുതലാളിമാരെ സഹായിക്കുന്ന നിലപാട് അവസാനിപ്പിക്കണം. വാഹനങ്ങളുടെ ആധിക്യത്തിനനുസൃതമായി മോട്ടോർ വാഹന വകുപ്പിൽ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുകയും ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുകയും ചെയ്യണം. വികസനപ്രവർത്തനങ്ങളുടെ പേരിൽ നാഷണൽ

ഹൈവേ വീതി കൂട്ടുന്ന വിഷയത്തിൽ ഒരു പ്രദേശത്തെ ആളുകളെ മാത്രം ദുരിതത്തിലാഴ്ത്തുന്ന അശാസ്ത്രീയമായ നിലപാട് ഉപേക്ഷിക്കണം.

ശ്രീ. കെ. കെ. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി വൻകിട-ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുകയും കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കുകയും ചെയ്തു. മുല്ലപ്പെരിയാർ പ്രശ്നത്തിൽ അഭിമാനക രമായ സ്ഥിതി സംജാതമാക്കി.. പാലക്കാട് ജില്ലയുടെ കുടിവെള്ള പ്രശ്ന ത്തിന് പരിഹാരമുണ്ടാക്കി. മലമ്പുഴ കുടിവെള്ള പദ്ധതിയുടെ മൂന്നാം ഘട്ട ആഗ്മെന്റേഷൻ സ്ക്കീമിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. കമ്പ്യൂട്ടർ ബില്ലിംഗിലെ അപാകതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. പിരായിരി പഞ്ചായത്തിലെ കുടിവെള്ളവിതരണം പൂർണ്ണമായും വാട്ടർ അതോറിറ്റിയുടെ കീഴിലാക്കണം. വിലസ്ഥിരതയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ അപഹാസ്യമായ റിപ്പോർട്ടിന്മേൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധി പ്പിച്ച കേന്ദ്രസർക്കാർ നടപടി അപലപനീയമാണ്. കുത്തക കമ്പനികൾക്ക് അനുകൂലമായ ഈ വിലവർദ്ധനവ് സംസ്ഥാനത്തെ ട്രാൻസ്പോർട്ട് മേഖലയെ പ്രതികൂലമായി ബാധിക്കും. മോട്ടോർ വ്യവസായ മേഖലയിൽ സ്ഥിരമായി ഒരു റെഗുലേറ്ററി കമ്മിറ്റിയെ നിയോഗിക്കുന്നതോടൊപ്പം ജില്ലാടി സ്ഥാനത്തിൽ യോഗങ്ങൾ വിളിച്ചുചേർക്കുകയും വേണം. യുസേഴ്സ് ഫീ ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ക്ഷേമനിധിയിൽ തുക അടയ്ക്കാതെ നികുതിയിൽ കൃത്രിമം കാണിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കണം. രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്ന സ്കീമിൽ ഒന്നര ലക്ഷത്തോളം വരുന്ന ആട്ടോറിക്ഷാ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണം. സംസ്ഥാനത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഗതാഗതനയം രൂപീകരിക്ക

ണം. കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ മേഖലയും തമ്മിലുള്ള അനാരോഗ്യകരമായ മത്സരം ഒഴിവാക്കാനുള്ള ചർച്ചയുണ്ടാകണം. ഇന്ധനവില കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വർക്ഷോപ്പുകൾ നവീകരിച്ചതിനാൽ ഒരു വർഷംകൊണ്ട് ആയിരം പുതിയ ബസ്സുകൾ പുറത്തിറക്കാനും ഷെഡ്യൂളുകളിൽ വർദ്ധനവുണ്ടാക്കാനും കഴിഞ്ഞു. 16853 പേർക്ക് പി.എസ്.സി. വഴിയും 357 പേർക്ക് ആശ്രിതനിയമനവും നൽകി. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി പ്രശംസനീയമാണ്. അപകടനിരക്ക് കുറയ്ക്കാനും ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിച്ച് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചു. മലബാർ മേഖലയിൽ 351 പുതിയ സർവ്വീസുകളും 400 പുതിയ ഷെഡ്യൂളുകളും ആരംഭിച്ചു.

ശ്രീ. കെ. ടി. ജലീൽ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂലധന നിക്ഷേപം കൂടുതൽ വന്നത് ജലവിഭവ വകുപ്പിലാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഒരുതുള്ളി വെള്ളംപോലും ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയാത്ത 36 പദ്ധതികളെ ബൃഹത്തായ സ്പാൻ പദ്ധതിയിലൂടെ 600 കോടി രൂപ ചെലവഴിച്ചുകൊണ്ട് പൂർത്തിയാക്കാനും അതിൽ 3 എണ്ണം കമ്മീഷൻ ചെയ്യാനും കഴിഞ്ഞു. പഴയ ട്രീറ്റ്മെന്റ് പ്ലാന്റുകൾ പുനരുദ്ധരിക്കുകയും സുനാമി റീഹാബിലിറ്റേഷൻ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുകയും ചിലത് പ്രാവർത്തികമാക്കുകയും ചെയ്തു. 42 കോടി രൂപ ചെലവിട്ട് നിർമ്മിക്കാനുദ്ദേശിക്കുന്ന ത്വരിതഗ്രാമീണ കുടിവെള്ള പദ്ധതിയിൽ തിരുനാവായയിലെ 50 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു.

കൊണ്ടോട്ടിയിൽ 70 കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള ചീക്കോട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികളും മങ്കട നിയോജകമണ്ഡലത്തിൽ 30 കോടി രൂപ ചെലവഴിച്ച മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ 40 ശതമാനം പ്രവൃത്തികളും പൂർത്തിയായി. ഇ-ടെണ്ടർ സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് ജലവിഭവ വകുപ്പിൽ വരുത്തിയിട്ടുള്ള മാറ്റം പ്രശംസനീയമാണ്. ജലസേചന വകുപ്പിലും ഇ-ടെണ്ടറിംഗ് നടപ്പിലാക്കണം. പബ്ലിക് ടാപ്പുകളിലൂടെ ശുദ്ധജല വിതരണം നടത്തിയതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കേരളാ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കണം. വർക്കുകൾക്ക് ഭരണാനുമതി കൊടുക്കാനുള്ള പരിധി 10 കോടി രൂപയായി ഉയർത്തുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം. ജലസേചന വകുപ്പിൽ ഫണ്ട് ഡിസ്ട്രിബ്യൂഷൻ തുല്യമാക്കണം. തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിച്ച് കടലാക്രമണം തടയണം. റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പുഴയോരം സംരക്ഷിക്കണം. കഴിഞ്ഞ പത്ത് വർഷം സോഷ്യൽ കോസ്റ്റ് ഇനത്തിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കേണ്ടിയിരുന്ന 908 കോടി രൂപ യഥാസമയം നൽകണം. 2100 കോടി രൂപയാണ് പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. നൽകിയിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 1039 പുതിയ റൂട്ടുകൾ അനുവദിച്ചു. എം.എൽ.എ. മാർ ശുപാർശ ചെയ്യുന്ന റൂട്ടുകളിലേയ്ക്ക് ലാഭം നോക്കാതെ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതുകാരണം കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടാകുന്നുണ്ട്. സർക്കാരിന് യാതൊരു ബാധ്യതയുമില്ലാത്ത ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിൽ

അനുഭവപ്പെടുന്ന സാങ്കേതികതടസ്സങ്ങൾ നീക്കണം. മലപ്പുറത്തെ ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം. നഷ്ടത്തിൽ നിന്ന് കരകയറാനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന തിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ പിൻതിരിപ്പിക്കുന്ന നടപടി അവസാനി പ്പിക്കണം. പ്രൊഫഷണലിസത്തിന്റെ അഭാവം പരിഹരിക്കാൻ സിവിൽ എഞ്ചിനീയർമാരുടേയും മെക്കാനിക്കൽ എഞ്ചിനീയർമാരുടേയും എണ്ണം വർദ്ധിപ്പിക്കണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കിയി ട്ടുള്ള കമ്പ്യൂട്ടർവൽക്കരണവും കോർ ബാങ്കിംഗ് സംവിധാനവും പ്രയോജന പ്പെടുത്തിക്കൊണ്ട് നികുതി അടയ്ക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തണം. വൺടൈം സെറ്റിൽമെന്റിൽ നികുതി കുടിശ്ശിക അടയ്ക്കു ന്നതിനുവേണ്ടി സ്വകാര്യ കാറുകൾ, ഓട്ടോറിക്ഷകൾ, മോട്ടോർ സൈക്കിളു കൾ എന്നിവയ്ക്ക് മാത്രമായി ഏർപ്പെടുത്തിയ സംവിധാനം ടാക്സികൾക്കും ചരക്ക് വാഹനങ്ങൾക്കും പൊളിച്ചുവിറ്റ വാഹനങ്ങൾക്കുംകൂടി ബാധകമാക്കു കയും ഗവൺമെന്റ് അതിന്റെ കാലാവധി 2011 മാർച്ച് വരെ ദീർഘിപ്പി ക്കുകയും കുറച്ചുകൂടി പ്രചരണം ഈ കാര്യങ്ങൾക്ക് നൽകുകയും ചെയ്യണം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെ.എസ്.ആർ.ടി.സി. വളർച്ചയുടെ പാതയിലാണെന്ന് പ്രചരിപ്പിക്കുന്നുണ്ടെ ങ്കിലും സത്യവുമായി അതിന് യാതൊരു ബന്ധവുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന 288 കോടി രൂപയുടെ കടം ഇപ്പോൾ 1620 കോടി രൂപയായി വർദ്ധിച്ചു. വാഹനാപകടത്തിൽ പരിക്ക് പറ്റിയവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും കെ.എസ്.ആർ.ടി.സി. 1992 മുതൽ

നൽകാനുള്ള നഷ്ടപരിഹാരത്തുക എത്രയുംപെട്ടെന്ന് നൽകണം. റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ യഥാസമയം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. രണ്ട് ഹർത്താലുകൾ നടത്തിയതുകാരണം ആറ് കോടി രൂപയുടെ നഷ്ടം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്. ബി.ഒ.ടി. വ്യവസ്ഥയിൽ നടക്കുന്ന പണികൾ എത്ര വർഷത്തേയ്ക്കാണ് ഏൽപ്പിക്കുന്നതെന്നും എത്ര വർഷം കഴിഞ്ഞാലാണ് തിരിച്ചെടുക്കാൻ വ്യവസ്ഥയുള്ളതെന്നും വ്യക്തമാക്കണം. മോട്ടോർവെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. വാഹനത്തിന്റെ എണ്ണ ത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് മോട്ടോർവാഹന വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കണം. ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിക്കണം. കമ്പ്യൂട്ടറൈസേഷനു വേണ്ടി യൂസേഴ്സ് ഫീ ഈടാക്കുന്ന നടപടി അവസാനിപ്പിക്കണം. ഫോം നമ്പർ 7-ൽ ലൈസൻസ് കൊടുക്കുന്നതിന് 250 രൂപ ഫീസ് ഈടാക്കുന്ന തുകൊണ്ട് അത് ലാമിനേറ്റ് ചെയ്യുന്നതിന് പ്രത്യേകമായി തുക ഈടാക്കേണ്ട ആവശ്യമില്ല. റോഡ് സേഫ്റ്റി അതോറിറ്റി ഈടാക്കുന്ന സെസ്സ് തുക വിനി യോഗിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമാക്കണം. കൂടുതൽ വെഹിക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ച് പരിശോധനയിലൂടെ ലഭ്യമാകുന്ന ഫൈൻ ഉപയോഗിച്ച് ഡിപ്പാർട്ട്മെന്റിനെ വിപുലീകരിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കണം. വാട്ടർ അതോറിറ്റിയിലെ അഴിമതി അവസാ നിപ്പിക്കണം. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കാനും ശുദ്ധജലമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കാനും

സംവിധാനം ഏർപ്പെടുത്തണം. കേടാകുന്ന മോട്ടോറുകൾ നന്നാക്കുന്നതിനും സ്റ്റാന്റ് ബൈ പമ്പ് സ്ഥാപിക്കുന്നതിനും മോട്ടോറുകൾ റീവൈൻഡ് ചെയ്യുന്ന തിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം. ജനങ്ങൾക്ക് ആഴ്ചകളോളം കുടിവെള്ളം ലഭിക്കാത്ത സ്ഥിതിക്ക് പരിഹാരം ഉണ്ടാകണം. മുടങ്ങിക്കിട ക്കുന്ന പമ്പാ ആക്ഷൻ പ്ളാനിന്റെ കാര്യത്തിൽ നടപടിയുണ്ടാകണം. വേമ്പനാട് കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട മുഴുവൻ ചെലവും കേന്ദ്ര സർക്കാർ വഹിക്കുമെന്നുള്ളതിനാൽ അതിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ കഴിഞ്ഞ നാല് വർഷത്തെ പ്രവർത്തനം അഭിമാനകരമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. വേണ്ടവിധത്തിൽ ഇടപെടാൻ കഴിയാത്ത തുകൊണ്ടാണ് മുല്ലപ്പെരിയാർ പ്രശ്നം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്രയധികം രൂക്ഷമായത്. കെ.എസ്.ആർ.ടി.സി.യിലെ മെഷിനറികൾ തുരുമ്പെടുക്കാനും അന്യസംസ്ഥാനക്കാർക്ക് ലാഭമെടുക്കാനുമുള്ള അവസരമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. പ്രൈവറ്റ് ബസ്സുകൾക്ക് യഥേഷ്ടം പെർമിറ്റ് നൽകുകയും ജീവനക്കാരെ പിരിച്ചുവിടുന്ന നടപടിയുമാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചിരുന്നതെങ്കിൽ ഇപ്പോൾ നല്ല മാനേജുമെന്റിൽക്കൂടി കെ.എസ്.ആർ.ടി.സി.യിൽ സമഗ്രമായ മാറ്റമാണ് വരുത്തിയിട്ടുള്ളത്. വർക്ക്ഷോപ്പുകൾ നവീകരിക്കാനും വിദഗ്ദ്ധ രായ മെക്കാനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്താനും കഴിഞ്ഞത് മികച്ച നേട്ടമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഹൈടെക്ക് ബസ്സുകൾക്ക് പകരം ഇപ്പോൾ ഈടും ഉറപ്പുമുള്ള 2139 പുതിയ ബസ്സു

കളാണ് നിരത്തിലിറക്കിയിട്ടുള്ളത്. ഷെഡ്യൂളുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും പുതിയ ഷെഡ്യൂളുകൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കൊട്ടാരക്കരയിൽ സ്ഥലം ഏറ്റെടുത്തുകൊടുത്ത് ഡിപ്പോയുടെ വികസനത്തിനുവേണ്ട നടപടികൾ സ്വീകരിക്കണം. പെട്രോൾ, ഡീസൽ വില പലതവണ കൂട്ടിയിട്ടും കേന്ദ്രസർക്കാർ നികുതി വേണ്ടെന്നുവയക്കാൻ തയ്യാറാകാതിരുന്നത് അത്ഭുതകരമാണ്. സംസ്ഥാന സർക്കാർ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെയാണ് പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. സംസ്ഥാനത്തെ ഒന്നാമത്തെ വ്യാപാരസമുച്ചയം കൊട്ടാരക്കരയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ സിവിൽ സ്റ്റേഷനും ഫയർ സ്റ്റേഷനും ആരംഭിച്ചിട്ടുണ്ട്. മികച്ച ധനകാര്യ മാനേജുമെന്റിലൂടെ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും സമഗ്രമായ മാറ്റമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ലോകത്തിനു തന്നെ മാതൃകയാക്കാൻ പറ്റുന്ന മികച്ച ഒരു ധനകാര്യ മാനേജുമെന്റാണ് സംസ്ഥാനത്തുള്ളത്. കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വനിതകൾക്ക് 25 ശതമാനം സീറ്റ് സംവരണം ഉറപ്പാക്കണം. ജലവിഭവ വകുപ്പിൽ വിപ്ളവകരമായ മാറ്റം വരുത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സുപ്രീംകോടതിയിൽനിന്നും സംസ്ഥാനത്തിന് അനുഗുണമായ തീരുമാനം എടുപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടമാണ്. മുല്ലപ്പെരിയാറിൽ പുതിയ ഡാം

നിർമ്മിക്കുന്നതിനുള്ള ശക്തമായ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നിരവധി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തി യാക്കാനും വർഷ യൂണിറ്റുകൾ, 57 സുനാമി പുനരുദ്ധാരണ പദ്ധതികൾ എന്നിവ നടപ്പാക്കാനും കഴിഞ്ഞു. ജലപാതാവികസനം കാര്യക്ഷമമാക്കി. വർഷങ്ങളായി നിശ്ചലമായിരുന്ന ദേശീയ ജലപാത-3 യാത്രായോഗ്യമാക്കി. കൊട്ടാരക്കര മണ്ഡലത്തിലെ ആറ് പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന പുലമൺതോട് മാലിന്യവിമുക്തമാക്കി ജനങ്ങൾക്ക് ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഈ തോടിന്റെ ഉത്ഭവസ്ഥാനം ടൂറിസ്റ്റ് കേന്ദ്ര മാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. ജലസ്രോതസ്സുകളെ സംരക്ഷിക്കുന്ന തിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരങ്ങൾ വച്ചുപിടിപ്പിച്ച് ജലം ഭൂമി യിലേയ്ക്കിറങ്ങാനുള്ള സംവിധാനങ്ങളുണ്ടാക്കി. വനം സംരക്ഷിച്ചും വനവൽക്കരണത്തിലൂടെയും ജലസമ്പത്ത് വർദ്ധിപ്പിക്കാനും ഉള്ള ജലസ്രോത സ്സുകളെ കൂടുതൽ മെച്ചപ്പെടുത്തിയെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. അശ്രദ്ധയോടെയും മദ്യപിച്ചും വാഹനം ഓടിക്കുന്ന വർക്കെതിരെയുള്ള നടപടി ശക്തമാക്കാനും ശിക്ഷ വർദ്ധിപ്പിക്കാനും തയ്യാ റാകണം. മോട്ടോർ വാഹന വകുപ്പ് കുറേക്കൂടി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജല വിഭവ വകുപ്പിൽ ഈ ഗവൺമെന്റ് നിരവധി വൻകിട-ചെറുകിട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. മുല്ലപ്പെരിയാർ വിഷയത്തിൽ സർക്കാരിന്റെ അവസരോചിതമായ ഇടപെടൽ അഭിനന്ദനാർഹമാണ്. പണി പുരോഗമിച്ചു കൊണ്ടിരിക്കുന്ന ജപ്പാൻ കുടിവെള്ള പാക്കേജിൽപ്പെട്ട ചേർത്തല പദ്ധതി

കമ്മീഷൻ ചെയ്യുന്നതിലൂടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകളിലെയും ഒരു മുനിസിപ്പൽ പ്രദേശത്തെയും ലക്ഷക്കണക്കിന് ആളുകൾക്ക് ശുദ്ധജലം എത്തിക്കാൻ കഴിയും. ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി. നിലവിലുള്ള ബോട്ടുകൾ ഉപയോഗിച്ച് ജലഗതാഗതം കാര്യക്ഷമമായി നടത്താൻ കഴിയുമെന്ന് ചുരുങ്ങിയ കാലംകൊണ്ട് തെളിയിച്ചിരിക്കുകയാണ്. പാണാവള്ളി-പൂത്തോട്ട-പെരുമ്പളം ബോട്ട് സർവ്വീസ് ആരംഭിച്ചതോടെ മറ്റ് ബോട്ട് സർവീസുകളുമായി ബന്ധപ്പെട്ട പരാതികൾ അവസാനിപ്പിക്കാൻ സാധിച്ചു. ആലപ്പുഴ-കൊല്ലം ബോട്ട് സർവ്വീസ് പുനരാരംഭിക്കണം. ആവശ്യമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പുതിയ സ്റ്റീൽ ബോട്ടുകൾ ഇറക്കാൻ ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം ശ്ലാഘനീയമാണ്. പുതുതായി നിർമ്മിക്കുന്ന ബോട്ടുകളിൽ ഒന്ന് പാണാവള്ളി-പൂത്തോട്ട-പെരുമ്പളം സർവീസ് നടത്തുന്നതിനായി അനുവദിക്കണം. വൈക്കം-തവണക്കടവിൽ ഒരു ബോട്ട് സർവീസ്കൂടി ആരംഭിക്കണം. ഇന്ന് മോട്ടോർ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മോട്ടോർ വാഹന നിയമത്തിൽ ഇടപെടാൻ പരിമിതികളുണ്ടെങ്കിലും രാജ്യത്തിന്റെ സാമ്പത്തികഘടനയെ സാരമായി ബാധിക്കുന്ന വിഷയമെന്ന നിലയിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാകണം. സ്റ്റേജ് കാരേജിന് പെർമിറ്റ് നൽകുമ്പോൾ വാഹനങ്ങൾ തമ്മിലുള്ള സമയത്തിന്റെ അകലം ശ്രദ്ധിക്കാൻ വകുപ്പിന് നിർദ്ദേശം നൽകണം. കെ.എസ്.ആർ.ടി.സി-യുടെ നവീകരണത്തിലൂടെ കളക്ഷൻ വർദ്ധിപ്പിക്കാനും ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാനും സാധിച്ചു. പുതിയ വോൾവോ, എ.സി, സൂപ്പർ ഡീലക്സ് ബസ്സുകൾ പുറത്തിറക്കാനും സ്വന്തമായി വർക്ക്ഷോപ്പ് തുടങ്ങി

ബസ് ബോഡി നിർമ്മാണം നടത്തുകവഴി ലാഭമുണ്ടാക്കാനും കെ.എസ്.ആർ. ടി.സി-ക്ക് സാധിച്ചിട്ടുണ്ട്. ഡീസൽ കൺസംപ്ഷൻ കുറയ്ക്കാൻ നടപടി സ്വീകരിക്കുകയും ഡ്രൈവർമാർക്ക് പരിശീലനം നൽകുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. അടിക്കടിയുണ്ടാകുന്ന ഡീസൽ വിലവർദ്ധനവ് കണക്കിലെടുത്ത് പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്ന നിലയിൽ കെ.എസ്. ആർ.ടി.സി.ക്ക് നൽകുന്ന ഡീസലിന് കേന്ദ്ര ഗവൺമെന്റുതന്നെ സബ്സിഡി നൽകണം. മെട്രോ നഗരങ്ങളിലേതുപോലെ സംസ്ഥാനത്തും ഗ്യാസ് ഉപയോ ഗിച്ച് വാഹനം ഓടിക്കുന്ന സംവിധാനത്തിന്റെ സാധ്യത പരിശോധിക്കണം. കെ.എസ്.ആർ.ടി.സി. സൗജന്യ നിരക്കിലും കൺസെഷൻ വ്യവസ്ഥയിലും യാത്രാ സൗകര്യം ഏർപ്പെടുത്തികൊണ്ട് സാമൂഹ്യ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റിന്റെ കാലത്താണ് കെ.എസ്.ആർ.ടി. സി.യിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത്. ജീവനക്കാർക്ക് 33 ശത മാനം ഡി.എ.കുടിശ്ശിക നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം. എട്ട് വർഷ മായി ജോലിയിൽ തുടരുന്ന എം.പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണം. ഗതാഗത വകുപ്പിനെ കാര്യക്ഷമമാക്കാനുള്ള നടപടികളെക്കുറിച്ച് പുനർചിന്തനം നടത്തണം. ടിക്കറ്റിതര വരുമാനമായി സംസ്ഥാനത്ത് മൂന്ന് ഷോപ്പിംഗ് മാളുകളുടെ പ്രവർത്തനം തുടങ്ങിയത് അഭിമാനകരമാണ്. വരുമാനം കൂടുതലുള്ള മറ്റ് സ്ഥലങ്ങളിലും അവ നിർമ്മിക്കാനുള്ള നടപടിയു ണ്ടാകണം. ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിൽനിന്ന് ഇന്റർസ്റ്റേറ്റ് സർവ്വീ സുകൾ പുനരാരംഭിക്കണം. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഡിപ്പോകളെ സെലക്ട് ചെയ്ത് സഹായം നൽകണം. ക്ഷേമനിധി തുക അടയ്ക്കുന്നതിൽ

വീഴ്ച വരുത്തിയ ആട്ടോറിക്ഷാതൊഴിലാളികളിൽനിന്ന് മോട്ടോർ വാഹന നികുതി സ്വീകരിക്കാനും ക്ഷേമനിധി കുടിശ്ശിക ഗഡുക്കളായി അടയ്ക്കാനും സംവിധാനമേർപ്പെടുത്തണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് വർഷത്തെ ഭരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ ജലവിഭവ-ഗതാഗത വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്. യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വാങ്ങിക്കൂട്ടിയ 365 മിനി ബസുകൾ കെ.എസ്.ആർ.ടി.സി.ക്ക് ബാധ്യതയായി മാറുകയും ഈ നടപടി കെ.എസ്.ആർ.ടി.സി.യുടെ പിൽക്കാലത്തുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന വർക്ക്ഷോപ്പുകൾ സംസ്ഥാനത്തുണ്ടായിരുന്നിട്ടും യു.ഡി.എഫ്.-ഗവൺമെന്റിന്റെ കാലത്ത് 1254 ബസുകളുടെ ചേസിസ് വാങ്ങലും ബോഡി നിർമ്മാണവും സംസ്ഥാനത്തിനുപുറത്തുള്ള ഏജൻസികളെ ഏൽപ്പിക്കുക വഴി ഡിപ്പാർട്ട്മെന്റിന് വമ്പിച്ച നഷ്ടമുണ്ടായിട്ടുണ്ട്. ഗതാഗത വകുപ്പിനെ നവീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. കാസർഗോഡ് ഡിപ്പോയിൽ അഭിമാനകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം കെ.എസ്.ആർ.ടി.സി.യിൽ സമൂലമായ മാറ്റം വരുത്തുന്നതിനുള്ള നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പുതിയതായി ഷെഡ്യൂളുകൾ ആരംഭിക്കുകയും കാസർഗോഡ്-മംഗലാപുരം പാത നാഷണലൈസ് ചെയ്ത് യഥേഷ്ടം ബസുകൾ ഓടിക്കാനുമുള്ള നടപടി സ്വീകരിച്ചു. കാഞ്ഞങ്ങാട്

പുതിയ ഡിപ്പോയുടെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഈ ഗവൺമെന്റ് 47 കോടി രൂപ ഇക്വിറ്റി ഇനത്തിലും ലോണായി 376 കോടി രൂപയും കെ.എസ്.ആർ.ടി.സി.ക്ക് നൽകുകയുണ്ടായി. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവുംമൂലം ശുദ്ധജലത്തിന് ദൗർഭല്യം നേരിട്ടുകൊണ്ടിരിക്കുകയാണ്. നദികൾ മലീമസമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കണം. തണ്ണീർത്തടങ്ങൾ നശിപ്പിക്കുന്നത് അവസാനിപ്പിക്കാൻ സർക്കാർ ഇടപെടണം. കാസർഗോഡ് കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചതിന്റെ ഫലമായി രോഗങ്ങളനുഭവിക്കുന്നവർക്ക് വിവിധ സമാശ്വാസ പദ്ധതികളും പെൻഷൻ പദ്ധതികളും നടപ്പിലാക്കിയത് ആശ്വാസകരമാണ്. ന്യൂനപക്ഷ-ഭൂരിപക്ഷ വർഗ്ഗീയതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റിന് കഴിഞ്ഞു.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 12-ാം ധനകാര്യ കമ്മീഷൻ ജലവിഭവ വകുപ്പിന് അനുവദിച്ച തുക ചെലവാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളൊന്നും പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കേന്ദ്ര സഹായമുണ്ടായിട്ടും കുട്ടനാട് പാക്കേജുമായി സർക്കാരിന് മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. കേന്ദ്രം അനുവദിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. മുക്കാലി പദ്ധതി, പാലക്കാട് ഭവാനി പദ്ധതി, വയനാട്ടിലെ കബനി ബേസിൻ ഉൾപ്പെടെ വിവിധ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ജെ.ബി.ഐ.സി., ജൻറം പദ്ധതികൾക്ക് തുടക്കം കുറിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തി

ലാണ്. ജെ.ബി.ഐ.സി. പദ്ധതി 2011 മാർച്ച് മാസത്തിൽ പൂർണ്ണമായും കമ്മിഷൻ ചെയ്യാൻ സാധിക്കുമെങ്കിൽ പാർഷ്യൽ കമ്മിഷന്റെ ആവശ്യമില്ലായിരുന്നു. കൊല്ലം, ചേർത്തല, കോഴിക്കോട്, പട്ടുവം എന്നിവിടങ്ങളിൽ ഈ പദ്ധതി കാര്യമായി മുന്നോട്ടുപോകുന്നില്ല. കൊച്ചി നഗരത്തിൽ ജൻറം പദ്ധതിയുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികളോ സ്വീവറേജ് പദ്ധതിയോ ഇതുവരെ നടപ്പിലാക്കിയില്ല. എൽ.ഡി.എഫ്-ന്റെ ഇടപെടലുകൊണ്ടാണ് മെട്രോ റെയിൽ പദ്ധതി നടപ്പിലാകാതെ പോയത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കണം. കെ.എസ്.ആർ.ടി.സി.യിൽ ബി.ഒ.ടി. അടിസ്ഥാനത്തിലാണ് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നത്. കെ.എസ്.ആർ.ടി.സി. ടാറ്റ-ലെയ്ലാന്റ് ബസ്സുകൾ വാങ്ങിക്കുന്നതിലുള്ള 2:1 എന്ന അനുപാതം പാലിക്കുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഈ ഗവൺമെന്റിന്റെ കഴിഞ്ഞ നാലുവർഷത്തെ പ്രവർത്തനങ്ങൾകൊണ്ട് ജലവിഭവ വകുപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഏതൊരു സമൂഹത്തിന്റേയും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതിക്ക് പ്രധാന ഘടകമായി വർത്തിക്കേണ്ടത് പ്രകൃതിയും പ്രകൃതിവിഭവവുമാണ്. വ്യക്തമായ ഒരു ജലനയം, ശാസ്ത്രീയമായ ആസൂത്രണം, ശക്തമായ കർമ്മപരിപാടികൾ എന്നിവയാണ് ജലമേഖലയുടെ ശാക്തീകരണത്തിനുവേണ്ടി ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ. ഈ ഗവൺമെന്റ് ചുമതലയേറ്റെടുത്തപ്പോൾതന്നെ ജലനയവുമായി ബന്ധപ്പെട്ട് വ്യക്തമായ കാഴ്ചപ്പാട് പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശുദ്ധജല വിതരണ രംഗത്തും കാർഷിക ജലസേചന രംഗത്തും

കടലാക്രമണ പ്രതിരോധ രംഗത്തും ജലസംരക്ഷണ മേഖലയിലും അഭിമാന കരമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞു. മുമ്പൊരിക്കലും ഉണ്ടാകാത്ത വിധത്തിലുള്ള മൂലധന നിക്ഷേപവും വികസന പ്രവർത്തനങ്ങളുമാണ് ജലവിഭവ മേഖലയിൽ ഉണ്ടായിട്ടുള്ളത്. വകുപ്പിന്റെ കീഴിലുള്ള പ്രധാന ഏജൻസിയായ വാട്ടർ അതോറിറ്റി കഴിഞ്ഞ നാലുവർഷ കാലയളവിനുള്ളിൽ 59 വൻകിട പദ്ധതികൾ അടക്കം 281 ശുദ്ധജല വിതരണ പദ്ധതികൾ കമ്മിഷൻ ചെയ്തു. സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തിയി ട്ടുള്ള 115 പദ്ധതികളിൽ 80 എണ്ണം പൂർത്തീകരിക്കുകയും 35 എണ്ണം ജൂലൈ മാസം 30-നകം പൂർത്തീകരിക്കുന്നതുമാണ്. ഈ പദ്ധതികൾ മുഖേന 20 ലക്ഷത്തിലധികം വരുന്ന ജനങ്ങൾക്ക് അധികമായി കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു. ശുദ്ധജലവിതരണ മേഖലയിൽ ജലനയം നൽകിയ ദിശാബോധത്തിലൂടെ മുടങ്ങിക്കിടക്കുന്ന പദ്ധതികളും പുനരുദ്ധാരണ പദ്ധതികളും പൂർത്തീകരിച്ചതിനുശേഷം പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മുടങ്ങിക്കിടക്കുന്ന പദ്ധതികളിൽ 36 ഗ്രാമീണ കുടിവെള്ള പദ്ധതികൾ 670 കോടി രൂപ ചെലവഴിച്ച് 'സ്പാൻ' പദ്ധതിയിലൂടെ ഏറ്റെടുത്ത് നടപ്പിലാക്കുകയും മൂന്നെണ്ണം പൂർത്തീക രിക്കുകയും ചെയ്തു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച മുടങ്ങിക്കിടന്ന 36 വൻകിട പദ്ധതികൾ പ്രത്യേക പാക്കേജിലൂടെ ഏറ്റെടുത്ത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുടങ്ങിക്കി ടന്ന നഗര-ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരി ക്കാൻ നടപടി സ്വീകരിച്ചു. ശുദ്ധജലവിതരണ പദ്ധതികളുടെ ശുദ്ധീകരണശാ ലയുടെ കാര്യക്ഷമതയില്ലായ്മ, പഴകിയ പൈപ്പുകൾ, മോട്ടോറുകളുടെ

കാലപ്പഴക്കം എന്നിവ പരിഹരിക്കുന്നതിന് സഹായകരമായിട്ടുള്ള ഒരു റീഹാബിലിറ്റേഷൻ പാക്കേജിന് രൂപം നൽകി. കാളിപ്പാറ കുടിവെള്ള പദ്ധതി, കിളിമാനൂർ-മടവൂർ ശുദ്ധജലവിതരണ പദ്ധതി, കുമരകം-തിരുവാർപ്പ് ശുദ്ധജലവിതരണ പദ്ധതി, വിതുര-തൊളിക്കോട് ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ വർഷം ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ഏറ്റവും കൂടുതൽ ശുദ്ധജല ദൗർലഭ്യം നേരിടുന്ന എരുമേലി പഞ്ചായത്തിൽ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കാൻ ഈ സാമ്പത്തിക വർഷം 53 കോടി രൂപയുടെ എ.എസ്. നൽകുകയാണ്. പമ്പ ശുദ്ധജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണത്തിനും മലബാർ ക്യാൻസർ കെയർ സെന്ററിന്റെ റീ-ഹാബിലിറ്റേഷനും വേണ്ടി തുക മാറ്റിവച്ചു. മണലൂർ-കാരമുക്ക് പദ്ധതി, തേഞ്ഞിപ്പലം കുടിവെള്ള പദ്ധതി, വെണ്ണിയൂർ കുടിവെള്ള പദ്ധതി, കൊണ്ടോട്ടി-നെടിയിരുപ്പ് പദ്ധതി ഉൾപ്പെടെ 300 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ ഈ സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലുൾപ്പെടുത്തി 314 കോടി രൂപയുടെ പദ്ധതികൾ ഏറ്റെടുത്തു. ശാസ്താംകോട്ട ശുദ്ധജലതടാകത്തെ ഒരു ഡ്രിങ്കിംഗ് വാട്ടർ സാങ്ച്വറി ആക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം, കൊച്ചി കുടിവെള്ള പദ്ധതികൾ ജൻറം പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്തു. തദ്ദേശഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഇടത്തരം ചെറുകിട നഗര ശുദ്ധജല വിതരണപദ്ധതികൾക്ക്

കേന്ദ്രഗവൺമെന്റിൽ നിന്നും 350 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി. ആലപ്പുഴ, പയ്യന്നൂർ, ചങ്ങനാശ്ശേരി, തിരുവല്ല, ഗുരുവായൂർ, ചാവക്കാട്, ഒറ്റപ്പാലം, ചിറ്റൂർ, തത്തമംഗലം, മലപ്പുറം, പെരിന്തൽമണ്ണ, കൽപ്പറ്റ, തലശ്ശേരി, വടകര തുടങ്ങിയ മുനിസിപ്പാലിറ്റികളെ യുഡിസ്മാറ്റ്ന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചു. കേന്ദ്ര-സംസ്ഥാന സഹായത്തോടെ 1500 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. 'ജൈക' പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കും. കാരാപ്പുഴ പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം സാധ്യമാക്കി. അനന്തമായി നീണ്ടുപോകുന്ന കുടിവെള്ള പദ്ധതികളെ ഭാഗികമായെങ്കിലും പൂർത്തീകരിക്കുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. 'ജൈക' പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം പ്രോജക്ട് ഭാഗികമായി കമ്മീഷൻ ചെയ്തു. ചേർത്തല പദ്ധതി 2010-ൽ ഭാഗികമായി കമ്മീഷൻ ചെയ്യും. ചാത്തന്നൂർ-മീനാട് സ്കീം ഈ വർഷം തന്നെ പൂർത്തീകരിക്കാനും പട്ടുവം ഈ സാമ്പത്തിക വർഷംതന്നെ കമ്മീഷൻ ചെയ്യാനും നടപടി സ്വീകരിച്ചു. കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതി 2011 ഡിസംബറിലും ബാക്കി 4 ശുദ്ധജലവിതരണ പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലയളവിലും കമ്മീഷൻ ചെയ്യും. കേരള വാട്ടർ അതോറിറ്റിയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഉപഭോക്തൃ സൗഹൃദ സ്ഥാപനമാക്കി മാറ്റി. വാട്ടർ അതോറിറ്റി പുന:സംവിധാനം നടപ്പിലാക്കി. സ്വകാര്യ കമ്പനികളുടെ വർക്ക് എടുക്കാൻ പ്രാപ്തമായിട്ടുള്ള കോംപറ്റേറ്റീവ് ഏജൻസിയായി വാസ്കോൺ എന്ന കൺസൾട്ടൻസിയെ രൂപീകരിച്ചു. സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷനും കൺസ്യൂമർ റിഡ്രസ്സൽ സിസ്റ്റവും പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റവും ബിൽഡിംഗ് ആന്റ്

അക്കൗണ്ട്സിന്റെ അബാക്കസ് സിസ്റ്റവും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി. കേരളത്തിൽ ആദ്യമായി നിർമ്മാണമേഖലയിൽ ഇ-ടെന്ററിംഗ് സമ്പ്രദായം നടപ്പിലാക്കി. ഇ-പേമെന്റ് സംവിധാനം ജൂലൈമാസം 15-ാം തീയതി നിലവിൽ വരും. സ്റ്റേറ്റ് റഫറൽ ലാബും ബ്ലൂ ബ്രിഗേഡ് സംവിധാനവും നടപ്പിലാക്കി. കുപ്പിവെള്ളം വിപണിയിൽ ഇറക്കുന്നതിന് കേരള വാട്ടർ അതോറിറ്റി പ്രാരംഭ നടപടികൾ സ്വീകരിച്ചു. ചവറയിലെ പ്രിമോ ഫാക്ടറിയുടെ ടെണ്ടർ പ്രോസസ്സിംഗ് നടന്നുവരികയാണ്. 2010-11 സാമ്പത്തിക വർഷത്തിൽ 109 വൻകിട പദ്ധതികൾ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. കാലപ്പഴക്കം വന്ന പമ്പ് സെറ്റുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കും. എനർജി ആഡിറ്റ് നടപ്പാക്കുന്നതാണ്. നദികളിലെ ജലഗുണനിലവാര പരിശോധനയ്ക്കായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. ജലനിധിയുടെ കീഴിലുള്ള രണ്ടാംഘട്ട പദ്ധതികളുടെ പ്രവർത്തനം പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ മുപ്പത് ഗ്രാമപഞ്ചായത്തുകളിൽ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. ശുദ്ധജല വിതരണ രംഗത്തും കാർഷിക ജലസേചന രംഗത്തും പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ചെറുകിട ജലസേചന പദ്ധതികളെ പ്രോൽസാഹിപ്പിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വർഷങ്ങൾ പഴക്കമുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുന്നതാണ്. കടലാക്രമണ ഭീഷണി നേരിടുന്നതിന് പുതുതായി 22 കിലോമീറ്റർ കടൽ ഭിത്തി നിർമ്മിക്കുകയും നിലവിലുള്ള 71 കിലോമീറ്റർ കടൽ ഭിത്തി പുനരുദ്ധരിക്കുകയും ചെയ്തു. കടലാക്രമണ പ്രതിരോധത്തിനും സുനാമി പുനരധിവാസത്തിനുമായി 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത തുക പൂർണ്ണമായും ചെലവാക്കാൻ

സാധിച്ചിട്ടുണ്ട്. ഗാബ്രിയോൺ കടൽഭിത്തി വിജയകരമായി പരീക്ഷിച്ചു. പുലിമുട്ട് അടക്കം കടലാക്രമണ രംഗത്ത് നവീന സംരംഭങ്ങൾ നടപ്പാക്കി. കാർഷിക ജലസേചന രംഗത്ത് ഇരുപതിനായിരം ഹെക്ടർ ആയക്കെട്ട് വിപുലീകരിക്കാൻ സാധിച്ചു. ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രോജക്റ്റ് 2011 മാർച്ചിന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. തൃത്താല-കൂട്ടായി റെഗുലേറ്റർ-കം-ബ്രിഡ്ജ് കമ്മീഷൻ ചെയ്യുകയും ധാരാളം റെഗുലേറ്റർ-കം-ബ്രിഡ്ജുകളുടെ പണി മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുകയുമുണ്ടായി. വകുപ്പിലെ സൂപ്രണ്ടിംഗ് എൻജിനീയർമാർക്ക് എ.എസ്. കൊടുക്കാനുള്ള ഫിനാൻഷ്യൽ പവേഴ്സിന്റെ ലിമിറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ് അടുത്ത വർഷം പൂർത്തിയാക്കുന്നതാണ്. പലകപ്പാണ്ടി പദ്ധതിയും ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ് ഭാഗികമായും ഈ വർഷം കമ്മീഷൻ ചെയ്യും. മീനച്ചിൽ റിവർ വാലി ഇറിഗേഷൻ സ്ക്കീമിനെ സംബന്ധിച്ച് എം.എൽ.എ.മാരുമായി പ്രത്യേകം ചർച്ച ചെയ്യുന്നതാണ്. പഴശ്ശി ഇറിഗേഷൻ പ്രോജക്റ്റ് ഈ വർഷത്തെ റീവാമ്പിംഗ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്. പാലക്കാട് മൂന്നാംഘട്ട ആഗ്മെന്റേഷൻ പദ്ധതിക്ക് ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കേസ്സിൽ ഹൈക്കോടതിയുടെ ക്ലിയറൻസ് ലഭിച്ചാലുടൻ പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്കീമിന്റെ നിർമ്മാണ പ്രക്രിയ ആരംഭിക്കാൻ കഴിയും. ചാലിയാർ പുഴയ്ക്കു കുറുകെ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പ്രോസസ് പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി

ഇവിടെവന്ന് നടത്തിയ ചർച്ചകളുടെയും പോസിറ്റീവായ അപ്രോച്ചുകളുടെയും അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് സംബന്ധിച്ച് ഒരു ക്ലാരിറ്റി ഉണ്ടാക്കാൻ കഴിഞ്ഞത്. സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കിയ 439.45 കോടി രൂപയുടെ പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ക്ലിയർ ചെയ്തു. എന്നാൽ പ്ലാനിംഗ്-എമ്പവേർഡ് കമ്മിറ്റികളുടെ അപ്രൂവൽ ലഭിച്ച ശേഷമേ പണം റിലീസ് ചെയ്യുകയുള്ളൂ. അതിന് കാത്തിരിക്കാതെ സംസ്ഥാന ധനകാര്യവകുപ്പ് മുൻകയ്യെടുത്തുകൊണ്ട് റാണി–ചിത്തിര സി.ഡി. ബ്ലോക്കുകൾ വേർതിരിക്കാനുള്ള ടെന്റർ പ്രോസസ്സ് പൂർത്തീകരിച്ചുകഴിഞ്ഞു. എത്രയുംപെട്ടെന്ന് നിർമ്മാണപ്രക്രിയ ആരംഭിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രോസ്പെരിറ്റി കൗൺസിൽ കൂടിയപ്പോൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുറംബണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ധാരാളം പരാതികളുണ്ടായി. ഇതിലേയ്ക്കുവേണ്ട മുഴുവൻ സർവ്വേയും പൂർത്തിയായിക്കഴിഞ്ഞു. സെപ്റ്റംബർ 30–നകം മുഴുവൻ ഡി.പി.ആർ.–ഉം തയ്യാറാക്കും. യാതൊരു കൺസൽട്ടൻസിയും കൊടുക്കാതെയാണ് ജലസേചന വകുപ്പ് ഈ വർക്ക് ഏറ്റെടുത്തത്. പുലമൺ തോടിന്റെ പണി ഈ സാമ്പത്തികവർഷംതന്നെ പൂർത്തിയാക്കും. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഇരുപതിനായിരത്തോളം കുടുംബങ്ങൾക്ക് ശുദ്ധജലവിതരണ കണക്ഷൻ സൗജന്യമായി നൽകി. ഈ വർഷം ഇറിഗേഷൻ വകുപ്പിൽ വേൾഡ് ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിന്റെ കീഴിലാണ് 19 ഡാമുകൾ റീഹാബിലിറ്റേറ്റ് ചെയ്യാൻ പോകുന്നത്. ആകെ 211 കോടി രൂപയുടെ പ്രോജക്ടിൽ 111 കോടി രൂപ ജലസേചന വകുപ്പിന്റേതാണ്. ചാലക്കുടി റിവർ ഡൈവേർഷൻ

പ്രോജക്ട്, പഴശ്ശി ഇറിഗേഷൻ പ്രോജക്ട്, പമ്പഇറിഗേഷൻ പ്രോജക്ട്, പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട്, ചുള്ളിയാർ-മീൻകര ഇറിഗേഷൻ പ്രോജക്ട് എന്നിവ ഈ വർഷം പുനരുദ്ധരിക്കുന്നതാണ്. ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് സെൻട്രൽ വാട്ടർ കമ്മീഷനടക്കം വാട്ടർ റിസോഴ്സസ് രംഗത്തെ എക്സ്പെർട്ടുകളെ ചുമതല ഏൽപ്പിച്ചുകൊണ്ട് ജലസേചന രംഗത്തെ പയനിയർ ഇൻസ്റ്റിറ്റ്യൂഷനായ കേരളാ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു ആട്ടോണമസ് റിസർച്ച് ഓർഗനൈസേഷനാക്കി മാറ്റിയെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 1883 പമ്പ് ഓപ്പറേറ്റർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ നാലുവർഷക്കാലത്തെ സ്ഥിതി പരിശോധിച്ചാൽ ജലവിതരണരംഗത്തും കാർഷിക ജലസേചന രംഗത്തും കടലാക്രമണ പ്രതിരോധ രംഗത്തും ജലസുരക്ഷാ പദ്ധതികളിലും കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്താലും ജലസംരക്ഷണ പദ്ധതികളിലൂടെ ജനകീയ പങ്കാളിത്തത്തോടെ മാത്രമേ കേരളം നേരിടുന്ന ജലപ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ. ആ രംഗത്ത് വളരെ അഭിമാനകരമായ മുന്നേറ്റം കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സ്വകാര്യ മേഖലയുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആകെയുള്ള സർവ്വീസിന്റെ 27 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. വളരെയേറെ പ്രശ്നങ്ങളുണ്ടെങ്കിലും സാമൂഹ്യ പ്രതിബദ്ധതയോടുകൂടിയുള്ള പ്രവർത്തനമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. കാഴ്ചവയ്ക്കു

ന്നത്. ഷാസി വാങ്ങുന്നതിന് ഓപ്പൺ ടെണ്ടർ സിസ്റ്റമുണ്ടാക്കുക മാത്രമല്ല, ടാറ്റായുടേയും ലെയ്‌ലാന്റിന്റേയും വാഹനങ്ങളുടെ പെർഫോമൻസ് റിപ്പോർട്ട് കൂടി കണക്കിലെടുത്ത ശേഷമാണ് വാങ്ങിയിട്ടുള്ളത്. ഷാസി വാങ്ങിയതിൽ മാത്രം മുൻകാലത്തെ അപേക്ഷിച്ച് യഥാക്രമം 1,51,000 രൂപയുടേയും 1,34,000 രൂപയുടേയും വ്യത്യാസമുണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികൾ തന്നെ ബോഡി ബിൽഡ് ചെയ്യുന്നതുകൊണ്ട് ആ ഇനത്തിലെ ചെലവിൽ കുറവുവരുത്താൻ കഴിഞ്ഞു. ഇന്ധനക്ഷമത 3.84 പെർ കിലോമീറ്റർ എന്നത് 4.28 പെർ കിലോമിറ്ററായി വർദ്ധിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ഏർപ്പെടുത്തിയ അവാർഡ് കഴിഞ്ഞ രണ്ട് വർഷമായി കെ.എസ്.ആർ.ടി.സി.യ്ക്കാണ് ലഭിക്കുന്നത്. ഇന്ധനക്ഷമത വർദ്ധിച്ചതു കൊണ്ടുമാത്രം 100 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടയറിന്റെ ലൈഫ് 95000 കിലോമീറ്റർ ആയിരുന്നത് ഇപ്പോൾ 144000 കിലോമീറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സ്പ്രിംഗും സ്പെയർപാർട്ട്സും വാങ്ങുന്നതിൽ ചെലവ് കുറയ്ക്കാൻ കഴിഞ്ഞു. ഡീസൽ ചാർജ്ജിനത്തിൽ എച്ച്.പി.സി.ക്ക് നൽകാനുള്ള 5.78 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. ഐ.ഒ.സി.ക്ക് കൊടുക്കാനുണ്ടായിരുന്ന 133.9 കോടി രൂപയിൽ ഇനി 9 കോടി രൂപ മാത്രമാണ് ബാക്കിയുള്ളത്. ഇപ്പോൾ ഓരോ ദിവസത്തേയും തുക അഡ്വാൻസായി കൊടുത്തിട്ടാണ് ഡീസൽ അടിക്കുന്നത്. രണ്ടായിരത്തോളം വാഹനങ്ങൾ പുതുതായി വാങ്ങിയിട്ടുണ്ട്. പെൻഷനും പെൻഷണറി ബെനഫിറ്റുകളും നൽകേണ്ട തുക ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എടുത്ത വായ്പകളുടെ

ക്യുമുലേറ്റീവായിട്ടുള്ള പലിശയും ഇപ്പോൾ കൊടുക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം മുമ്പത്തേക്കാളും ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ നിന്ന് കണ്ടെത്താൻ സാധിക്കാത്തതുകൊണ്ട് കടം വാങ്ങിയാണ് ചെലവഴിക്കുന്നത്. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 18853 പേർക്ക് നിയമനം നൽകി. ഒന്നുരണ്ട് മാസത്തിനുള്ളിൽ 5000 പേരെ കൂടി നിയമിക്കാൻ കഴിയും. കെ.എസ്.ആർ.ടി. ബസ്സ് ഓപ്പറേറ്റ് ചെയ്യുന്ന ദൂരം മുൻവർഷങ്ങളെ അപേക്ഷിച്ച് 15 ലക്ഷമായി വർദ്ധിച്ചു. ഒരു കിലോമീറ്റർ ബസ് ഓടുമ്പോൾ കിട്ടുന്ന വരുമാനം 20.73 കോടി രൂപ ആയിരുന്നത് ഇപ്പോൾ 24.43 കോടി രൂപ ആയി വർദ്ധിച്ചു. മുൻ കൊല്ലങ്ങളേക്കാൾ ആക്സിഡന്റിന്റെ നിരക്ക് കുറഞ്ഞിട്ടുമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പെൻഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ഒരു മാസം കൊടുക്കേണ്ടി വരുന്നത് 22 കോടി രൂപയാണ്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ 2008-09-ലാണ് കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയത്. ഡീസൽ നിരക്ക് കുറച്ചപ്പോൾ ബസ് ചാർജ് കുറച്ചത് ഈ സർക്കാരാണ്. മുൻ സർക്കാരിന്റെ കാലത്ത് നാല് പ്രാവശ്യമായി 71.28 ശതമാനമാണ് നിരക്ക് വർദ്ധിപ്പിച്ചതെങ്കിൽ ഈ സർക്കാർ 14.2 ശതമാനമാണ് വർദ്ധിപ്പിച്ചത്. 2006-2011 വരെയുള്ള കാലഘട്ടത്തിൽ ഈ ഗവൺമെന്റ് 87.70 കോടി രൂപയുടെ ധനസഹായമാണ് കോർപ്പറേഷന് നൽകിയത്. 2006-2010-ൽ വായ്പയായി നൽകിയിട്ടുള്ളത് 351 കോടി

രൂപയാണെന്ന് മാത്രമല്ല, ഈ സർക്കാർ വന്നതിനുശേഷം 2009-ൽ വായ്പ കുടിശ്ശിക ഇനത്തിലുള്ള 1,070 കോടി രൂപ എഴുതിത്തള്ളുകയും ചെയ്തു. രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ ഏർപ്പെടുത്തിയത് കേരളത്തിലാണ്. പുതിയതായി നിരത്തിലിറങ്ങുന്ന എല്ലാ ബസ്സുകൾക്കും തേർഡ് പാർട്ടി ഇൻഷ്വറൻസും കോംപ്രിഹെൻസീവ് ഇൻഷ്വറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. മലബാറിലേയ്ക്ക് 351 സർവീസുകൾ ഏർപ്പെടുത്തി. ജലഗതാഗത വകുപ്പിൽ 83 ബോട്ടുകളുള്ളതിൽ 48 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്. കേരളത്തിലാദ്യമായി യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തി. വർഷങ്ങളായി നിർത്തിവച്ചിരുന്ന കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് പുനരാരംഭിച്ചു. 16 പുതിയ ബോട്ടുകൾ കൂടി നീറ്റിലിറക്കുന്നതാണ്. 42 ആധുനിക ജെട്ടികൾ ഉടനെ ആരംഭിക്കും. പയ്യന്നൂരിൽ മാടയ്ക്കൽ ബോട്ടുജെട്ടി നിർമ്മിക്കുന്നതാണ്. ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും പാണാവള്ളിയിലും പുതിയ സ്റ്റേഷൻ ഓഫീസുകൾ നിർമ്മിക്കുന്നതാണ്. 'സീ കുട്ടനാട്' എന്ന പദ്ധതിയനുസരിച്ച് അപ്പർ ബർത്തോടുകൂടിയ രണ്ട് ബോട്ടുകൾ പ്രവർത്തന സജ്ജമാക്കുന്നതാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും പുതിയ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യിൽ എട്ടുവർഷം പൂർത്തീകരിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. 53 സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തിരുവല്ല, മലപ്പുറം, പത്തനംതിട്ട, കരുനാഗപ്പള്ളി സ്റ്റേഷനുകളിലെ ഷോപ്പിംഗ്

കോംപ്ലക്സുകൾ താമസിയാതെ പ്രവ്രർത്തനം ആരംഭിത്തുന്നതാണ്. സംസ്ഥാനത്തൊട്ടാകെ സീസൺ ടിക്കറ്റ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കും. ദേശീയ ട്രാൻസ്പോർട്ട് പോളിസിക്കനുസൃതമായി കേരളത്തിന് അനുയോജ്യമായ ഗതാഗത നയം ആവിഷ്ക്കരിക്കുന്നതാണ്. മൊബൈൽ ഗവേണൻസിന്റെ പ്രവർത്തനം ആരംഭിച്ചു. ഇ-പേമെന്റ് നടത്താനും, വീട്ടിലിരുന്ന് ടാക്സും രജിസ്ട്രേഷൻ ഫീസും അടയ്ക്കാനുള്ള സംവിധാനം, സ്മാർട്ട് കാർഡ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥ നയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം 34-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനു വദിക്കുകയും ചെയ്തു.

## റൂളിംഗ്

<u>ശ്രീ. എം. ചന്ദ്രൻ 05.07.2010-ൽ നടത്തിയ പ്രസ്താവന</u>

<u>മി. സ്പീക്കർ</u> : ഇന്നലെ ശ്രീ. എം. ചന്ദ്രൻ എം.എൽ.എ, ഡിമാന്റ് ചർച്ചാവേളയിൽ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി എം.എൽ.എ-യെ പൊൻമുടി യിൽവച്ച് നാട്ടുകാർ തടഞ്ഞുനിറുത്തി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചുവെ ന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വിശദീകരണം

നൽകണമെന്നും നിയമസഭയിൽ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തെ സംബന്ധിച്ച് ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിക്ക് ചട്ടം 228 അനുസരിച്ച് വ്യക്തിപരമായ വിശദീകരണം നൽകുന്നതിന് ചെയർ ഇന്ന് അനുമതി നൽകുകയുണ്ടായി. പ്രസ്തുത വിശദീകരണത്തിൽ ശ്രീ. എം. ചന്ദ്രൻ നടത്തിയ പരാമർശങ്ങൾ പിൻവലിക്കണമെന്നും മാപ്പ് പറയണമെന്നും ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി ആവശ്യപ്പെടുകയുണ്ടായി. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയിൽ ഒരു പ്രസ്താവന നടത്തുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ചെയർ പരിശോധിക്കുകയുണ്ടായി. ശ്രീ. എം. ചന്ദ്രൻ സഭയിൽ നടത്തിയ പരാമർശങ്ങൾ ശ്രീ. എ.പി. അബ്ദുള്ളക്കുട്ടിയെ വ്യക്തിപരമായി ബാധിക്കുന്ന തരത്തിൽ ദു:സൂചനകൾ അടങ്ങിയതാണെന്ന് ചെയർ കരുതുന്നു. ദു:സൂചനകൾ അടങ്ങിയ ആ പരാമർശം സഭാരേഖയിൽനിന്ന് ചെയർ നീക്കം ചെയ്യുന്നു. ഇത്തരം പരാമർശങ്ങൾ സഭയിൽ ഉന്നയിക്കാതിരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം. സഭയുടെ അന്തസ്സും സൗഹാർദ്ദപരമായ അന്തരീക്ഷവും നിലനിറുത്താൻ എല്ലാ അംഗങ്ങളും സഹകരിക്കണം.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.